Vol. 22. No. 11.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക

വരിസംഖ്യ മുൻകൂർ) November 1924. (1 ബ്രി. രൂപാ മാത്രം.

# വിഷയവിവരണിക.


| | | പേജ്. |
|---|---|---|
| 1. | തിരുനാൾ മംഗളം.<br>ദിവ്യശ്രീ ക. നി. മൂ. സ. ബ. മാണിക്കത്തനാർ. | 230 |
| 2. | പ്രഭാതകീർത്തനം. (ഭാഷാന്തരം)<br>റവ. ഫാദർ ബി. റൊസാരിയോ എസ്. ജെ. | 231 |
| 3. | പ്രസാധകക്കുറിപ്പുകൾ. | ,, |
| 4. | വിദ്യാഭ്യാസം. നി. വ. ദിവ്യശ്രീ വാഴപ്പിള്ളിൽ<br>മാർ പ്രംസീസ്സ്ലാസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്. | 233 |
| 5. | വേദപുസ്തകപാരായണം.<br>വെറി റവ. ഫാദർ അലക്സാണ്ടർ സി ഡി. | 235 |
| 6. | ഒരു അഭ്യർത്ഥന. (പദ്യം)<br>ശ്രീമാൻ പ്രവിത്താനം പി. എം. ദേവസ്യാ. | 236 |
| 7. | അധർമ്മികളും നിത്യനരകവും.<br>റവ. ഫാദർ ജെയിംസ് കാളാച്ചേരി പി. എച്ച്. ഡി., ഡി. ഡി. | 237 |
| 8. | വി. പാസ്കൽ ബായിലോൺ.<br>റവ. ഫാദർ മർസ്ലീൻ സീ. ഡി. | 239 |
| 9. | പ്രാർത്ഥനയെപ്പറ്റി രണ്ടു വാക്ക്.<br>ദിവ്യശ്രീ കാപ്പിൽ കുറിയാക്കോസ് ശ. പി. എച്ച് ഡി. റോമ്മാ. | 240 |
| 10. | പത്താം പീയൂസ് മാർപ്പാപ്പായുടെ അത്ഭുത പ്രവർത്തനം.<br>റവ തോമസ് പ്ലാക്കാട്ട്. | 242 |
| 11. | കർമ്മേലനാഥയുടെ കുഞ്ഞുമക്കൾക്ക്. സ്വന്തം കൊച്ചച്ചൻ. | 244 |
| 12. | തിരുഹൃദയ പൊതുനിയോഗം. | 245 |
| 13. | പുതിയ പ്രസിദ്ധീകരണങ്ങൾ. | 246 |
| 14. | വർത്തമാനസംഗ്രഹം | 247 |
| 15. | മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ, | 247 |
| 16. | പഞ്ചാംഗം. പരസ്യം. | 250 |



# ഏകസഭ.

"സുമാർഗ്ഗപ്രകാശിക" രണ്ടാം പുസ്തകം കുസുമഗ്രന്ഥാവലി ഇരുപത്തിരണ്ടാം നമ്പരായി ഉടനെ പുറപ്പെടും. ഭാഷാന്തരകാരനായ സി. അന്തപ്പായി ബി. എ. അവർകളുടെ ഛായാപടത്തോടുകൂടിയ പ്രസ്തുത പുസ്തകത്തിനു വില 1 അണ മാത്രം. ഏജണ്ടന്മാർക്ക് വി. പി. ആയി അയക്കുന്നതിൽ കഴിഞ്ഞ തവണത്തേതിൽ കൂടുതലോ കുറവോ ചെയ്യേണ്ടതുണ്ടെങ്കിൽ ഉടനെ അറിയിക്കണം. ഒന്നാം പുസ്തകം തീർന്നുപോയിരിക്കുന്നു. ഏജണ്ടന്മാർ ഉള്ള സ്ഥലത്തു അവർ വഴിക്കല്ലാതെ പുസ്തകങ്ങൾ വില്ക്കപ്പെടുന്നതല്ല.

മാനേജർ,

കർമ്മേലകുസുമം, മാന്നാനം.

ശ്രീ ചിത്തിര തിരുനാൾ

# മഹാരാജാവു തിരുമനസ്സു

## കൊണ്ട്.



## മംഗളം.

വേണാടിനുള്ള ഗുണഗർഭ ബലിഷ്ഠഗേഹ-
ത്തൂണായിടുന്ന യുവചിത്തിരഭൂമിപാലൻ
നീണാളരോഗദൃഢഗാത്ര യശസ്സോടിബ്ഭൂ-
വാണാക്കുമുത്സവമഹർന്നിശമേകിടട്ടേ!

ക. നി. മൂ. സ. മാണിക്കത്തനാർ.

ST. JOSEPH'S PRESS, MANNANAM. 1924.

# കർമ്മല കുസുമം.

പുസ്തകം ൨൨. } ൧൯൨൪ നവംബർ. { ലക്കം ൧൧

## പ്രഭാത കീർത്തനം.

(ഗാഥ.)

നവ്യമഹസ്സേകമാവിർഭവിക്കുവാൻ— ദൈവംപ്രസാദിച്ചു ഭവ്യകാരൻ;
സേവിപ്പാൻ നാഥനെ ഭാവിപ്പിൻ, രാവിലേ— ആവിർമ്മോദത്തോടുണർന്നെണീക്കിൻ!
നാവിലുദിക്കട്ടെ ദേവസങ്കീർത്തനം,— ദ്യോവിലുയരട്ടെ ദൈവനാമം.
പാരും ചരാചരസർവ്വവും തീർത്തോരു— കാരുണ്യവാരിധേ! സ്വർഗ്ഗരാജൻ!
ആരാണങ്ങല്ലാതെൻ നാഥനും താതനും,— ആരുള്ളു സർവ്വാന്തർയ്യാമി വേറെ?
ആരംഭാവസാന നാളുകളില്ലാത്ത— ശരീരിയങ്ങു ത്രികാലജ്ഞാനി.
തൃപ്പാദം ഭക്തിവിനയ സമന്വിതം— കൂപ്പുംകരത്തോടെ ധ്യാനിക്കുന്നേൻ.
അർപ്പിക്കുന്നഷ്ടാംഗനായിതാ നായകാ!— കെല്പററഞാനിന്നു ചെയ്യതെല്ലാം
ആകുംവിധമിന്നു നന്മകൾ ചെയ്യുവാൻ— ഏകേണം സദയം സത്വരം മേ.
മാഴ്കുംജനങ്ങളെ കാണുകിൽ ഞാനവ— ർക്കാകുംവിധം മാല്യനീക്കിടുവാൻ
സൽക്രിയ ഹാർദ്ദമായ് ചെയ്യേണം ഭ്രാതാവെ— ന്നുൾക്കാമ്പിലോർക്കേണം ദീനബന്ധോ!
പാപമാം പങ്കമിന്നെന്നെ സ്പർശിക്കല്ലേ,— താപമതേറ്റു ഞാൻ തളർന്നിടല്ലേ.
ഹാ! പതിച്ചെങ്കിലോ കന്മഷകൂപത്തിൽ— നീ പിടിച്ചക്ഷണം കേററണമേ.
ആപത്തണയ്ക്കുമരികളേ വെല്ലുവാൻ— നിൻപത്തെന്നായുധമായിടേണം.
മാമകമാമകം വാക്കും കർമ്മങ്ങളും— ആമഗ്നമാകട്ടെ നിൻസ്തുതിയാൽ
ഭൂമൌ വസിപ്പോരും നാകസ്ഥരും നിന്നെ— സാമോദം വാഴ്ത്തട്ടെ സർവ്വകാലം!!

ഫാദർ ബി. റൊസാരിയോ എസ്. ജെ.

## പ്രസാധകക്കുറിപ്പുകൾ

### മഹാരാജാവു തിരുമനസ്സിലെ ആട്ടത്തിരുനാൾ.

ചന്ദ്രബിംബംപോലെ ഉദിച്ചുയരുന്ന ശ്രീചിത്തിരതിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സിലെ കാഴ്ച ഏതൊരു തിരുവിതാംകൂർപ്രജയേ ആണ് പരമാനന്ദസാഗരത്തിൽ നിമഗ്നമാക്കാത്തതു്! ഒക്ടോബർ 27-ാംനു തിങ്കളാഴ്ച അവിടത്തേക്കു പന്ത്രണ്ടു തിരുവയസ്സു പൂർത്തിയായിരിക്കുന്നു. ഒന്നാമതായി കൊണ്ടാടപ്പെട്ട അവിടത്തെ ഈ ആട്ടത്തിരുനാൾ നാടെങ്ങും അഭൂതപൂർവ്വമായ ആഡംബരസമേതം ആഘോഷിക്കപ്പെട്ടിരിക്കുന്നു. അതേ തിരുവിതാംകൂർ രാജ്യം വീണ്ടും സഭർത്തൃകയായിത്തീർന്ന

തിനാലുള്ള ആഹ്ളാദത്തെ പ്രജാനിവഹം സവിശേഷം പ്രത്യക്ഷപ്പെടുത്തുകയുണ്ടായി. തിരുമനസ്സുകൊണ്ടു ആയുരാരോഗ്യ സൌഭാഗ്യാദികളോടുകൂടെ ചിരകാലം വാണരുളുന്നതിനുള്ള ഹൃദയപൂർവ്വകമായ അഭ്യർത്ഥന നാനാഭാഗത്തുനിന്നും സ്വർഗ്ഗത്തിലേക്കു ആരോഹണംചെയ്യുന്ന കൂട്ടത്തിൽ "കുസുമ"വും സർവ്വാത്മനാ ഏകോപിച്ചു ജഗന്നിയന്താവിനെ പ്രാർത്ഥിച്ചുകൊള്ളുന്നു.

## നവംബർമാസം.

ശുദ്ധീകരണസ്ഥലത്തിന്മേലുള്ള ഭയം പലർക്കും അത്രശക്തിയായിട്ടുണ്ടാകുന്നില്ല. തന്നിമിത്തം ഒരു വിധം ഭക്ത ജീവിതം കഴിക്കുന്ന ആളുകൾ പോലും അല്പകുററങ്ങളേ കഥവയ്ക്കാത്തതുപോലെ കാണപ്പെടുന്നു. ദൈവനീതിയേ നാം വേണ്ടപോലെ ഗ്രഹിച്ചിട്ടില്ലാത്തതാണ് ഇതിനുകാരണം. അല്പകുററങ്ങളെന്നു കരുതി നാം സാരം വയ്ക്കാത്ത ആ സംഗതികൾക്കുപോലും എത്ര ഭയംകരമായ ശിക്ഷ ദൈവനീതി അവിടെ തയാറാക്കിയിരിക്കുന്നുവെന്നു ഈ മാസത്തിൽ നാം ഇടക്കിടെ ഓർത്തുനോക്കണം. നരകവും ശുദ്ധീകരണസ്ഥലവുംതമ്മിൽ ഒരു വ്യത്യാസമേഉള്ളൂ എന്നു പുണ്യവാന്മാർ പഠിപ്പിക്കുന്നു. അതായതു നരകത്തിനു ഒരിക്കലും അവസാനമില്ല; ശുദ്ധീകരണസ്ഥലത്തെവേദനകൾ ഒരിക്കലവസാനിക്കും. ഇതിനാൽ ശുദ്ധീകരണത്തിൻെറ ഈ സ്ഥലക്കേയ്ക്കു നമ്മേ കൊണ്ടുപോകുന്ന അല്പപാപങ്ങളിൽനിന്നും ശ്രദ്ധാപൂർവ്വം ഒഴിഞ്ഞുപോകയും, ആ കാരാഗൃഹത്തിൽ വേദനയനുഭവിക്കുന്ന ആത്മാക്കളേ പാടുപോലെ സഹായിക്കയും ചെയ്യുന്നതിനു ഈമാസത്തിൽ ഒരു പ്രതിജ്ഞ ചെയ്യണം.

## മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനവസ്ത്രധാരണം

"ഇൻഡ്യയിൽ ചെന്നാൽ എൻെറ ആദ്യത്തെ ജോലി മലയാളത്തിലെ ഹയരാർക്കി സ്ഥാപനമായിരിക്കും" എന്നാണ് വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഭാരതീയ വിദ്യാർത്ഥികളോടു റോമയിൽവച്ചു അരുളിച്ചെയ്തത്. അതിൻപ്രകാരം ബാംഗളൂരിൽനിന്നു മംഗലാപുരം വഴിയ്ക്കു നവംബർ ൰൩-ാംനു- തിരുമേനി എർണാകുളത്തെത്തുന്നതും ൰൯-ാംനു- കണ്ടത്തിൽ മാർ അഗുസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു 'പാല്യം' നൽകുന്നതുമാണെന്നു ഔദ്യോഗികമായി അറിയിച്ചിരിക്കുന്ന വിവരം സന്തോഷപുരസ്സരം അറിയിച്ചുകൊള്ളുന്നു. ചിരപ്രതീക്ഷിതമായ ഈ ആഘോഷാവസരം മലങ്കര സഭയുടെ പുരാതനപ്രശസ്തിക്കനുസൃതമായ വിധം മംഗളമായി കൊണ്ടാടപ്പെടുന്നതിനുവേണ്ടി ഹൃദയപൂർവ്വം നമുക്കു പ്രാർത്ഥിക്കാം.

## കത്തോലിക്കരുടെ മെമ്മോറിയൽ.

തിരുവിതാംകൂറിലെ കത്തോലിക്കർക്കു ഉദ്യോഗ സംബന്ധമായുള്ള അസമത്വങ്ങളെ വിശദീകരിച്ച് കഴിഞ്ഞ പ്രജാസഭയിലെ കത്തോലിക്ക മെമ്പറന്മാർ നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ ഒരു മെമ്മോറിയൽ സമർപ്പിച്ച വിവരം ആയിടെയ്ക്കു ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. നിയമസഭയിലെ കത്തോലിക്ക സാമാജികന്മാർ ചേർന്ന് അതേതരത്തിലുള്ള ഒരു മെമ്മോറിയൽ മഹാറാണി റീജൻറ് തിരുമനസ്സിലേയ്ക്കു കഴിഞ്ഞ മാസത്തിൽ സമർപ്പിക്കയും അവിടുന്നു അതിനു അനുകൂലമായ മറുപടി കല്പിക്കയും ചെയ്തിരിക്കുന്നു. നാല്പതു ലക്ഷത്തിൽ ൯ ലക്ഷം വരുന്ന ഈ വമ്പിച്ചജനക്കൂട്ടത്തിൻെറ പ്രസ്താവിതമായ അസമത്വത്തെ മെമ്മോറിയൽകൊണ്ടു മനസ്സിലാക്കി മദ്രാസു മുതലായ സ്ഥലങ്ങളിലുള്ള കത്തോലിക്കരുടെയും അകത്തോലിക്കരുടെയും വക പത്രങ്ങൾ ആശ്ചര്യവും അനുകമ്പയും പ്രദർശിപ്പിച്ചുവരുന്നു. മഹാറാണിയുടെ കരുണാമസൃണമായ ഭരണത്തിൽ ഇതിനു ഒരു പരിഹാരമുണ്ടാകുമെന്നാണ് എല്ലാവരുടേയും പ്രതീക്ഷ.

# വിദ്യാഭ്യാസം.

(നി. വ. ദിവ്യശ്രീ വാഴപ്പിള്ളി മാർ പ്രംസീസ്സോസ് മെത്രാനച്ചൻ തിരുമനസ്സിലെ കോൺഗ്രസ്സ് അദ്ധ്യക്ഷപ്രസംഗത്തിൽ നിന്ന്.)

"എല്ലാജാതികളേയും ഉപദേശിക്കുവിൻ" എന്ന നിയോഗം സുവിശേഷജ്ഞാനം പ്രചരിപ്പിക്കുന്നതുകൊണ്ടവസാനിക്കയില്ല. പിന്നെയോ, അതു ലൌകികമായ സകലവിധ വിദ്യാഭ്യാസത്തേയും ഉപഗ്രഹിക്കുന്നു. ആ വിദ്യാഭ്യാസം മഹത്തരമായ പ്രസ്തുത ദാനത്തിനു ഉപയുക്തവും അതിൻെറ ആധാരവും ആശ്രയവുമായിരിക്കും. ഈ ന്യായത്താൽ എല്ലാക്കാലങ്ങളിലും പ്രൈമറി, സെക്കണ്ടറി, യൂണിവെർസിറ്റി എന്നിങ്ങനെയുള്ള ജനഹിതവും ഉന്നതവുമായ വിവിധ വിദ്യാഭ്യാസത്തിൻെറ വിഷയത്തിൽ തിരുസഭ അഗ്രേസരയായിരിക്കയാണ ചെയ്തിട്ടുള്ളതു്. മദ്ധ്യയുഗങ്ങളിലെ ആശ്രമിക വിദ്യാശാലകളും പാഠശാലകളും സൎവ്വകലാശാലകളും തിരുസഭയുടെ ഈ നയത്തിനു വേണ്ടുവോളം സാക്ഷ്യം നൽകുന്നു; ഇവയിൽ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ കലാശാലകൾ ഇക്കാലത്തും നിലനിൽക്കുന്ന ദൃഷ്ടാന്തങ്ങളാകുന്നു. കത്തോലിക്കരായ ക്രിസ്ത്യാനികളുടെ ഈ സമ്പ്രദായത്തിനനുരൂപമായി കേരളത്തിലുള്ള മിസ്സുങ്ങൾ ജനസാമാന്യത്തിന്നിടയിൽ വിദ്യാഭ്യാസം വൎദ്ധിപ്പിക്കുന്നതിൽ സദാ മുന്നിട്ടുനിൽക്കുന്നുണ്ടെന്നുള്ളതു നമുക്ക് അഭിമാനകരമായ ഒരു സംഗതിതന്നെ. കഴിഞ്ഞ ദശകത്തിനുള്ളിൽ കേരളീയ കത്തോലിക്കരുടെ ഇടയിൽ പൊതുവെ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസാഭിവൃദ്ധി യഥാൎത്ഥമായി ആശ്ചൎയ്യകരമാകുന്നു. നമുക്കിപ്പോൾ പ്രായേണ സകലവിധ കലാവിദ്യകളിലും ജീവിതവ്യാപാരങ്ങളിലും പ്രതിനിധികളുണ്ടായിട്ടുണ്ടു്. വിദ്യാൎത്ഥികളായി വിദേശങ്ങളിലേക്കു പോയിക്കൊണ്ടിരിക്കുന്ന ഉത്സാഹശീലന്മാരായ യുവാക്കന്മാരുടെ സംഖ്യ പ്രതിസംവത്സരം വൎദ്ധിച്ചുവരികയാണ്. വൈദികരുടെ ഇടയിലും ഉന്നത കലാശാലാ വിദ്യാഭ്യാസം ശീഘ്രഗതിയെ പ്രാപിച്ചിരിക്കുന്നു. പുരോഹിതന്മാരുടേയും, സെമ്മിനാരികളിൽ പഠിക്കുന്ന വിദ്യാൎത്ഥികളുടേയും കൂട്ടത്തിൽ ഇപ്പോൾ കലാശാലാ ബിരുദങ്ങൾ ലഭിച്ചിട്ടുള്ളവർ ഇരുപതിൽ കുറയുകയില്ല. എന്നുമാത്രമല്ല, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവണ്ണം അത്യധികം പുരോഹിതന്മാർ ക്രൈസ്തവലോകത്തിൻെറ കേന്ദ്രസ്ഥാനത്തുവെച്ചുതന്നെ വിദ്യാഭ്യാസം ചെയ്തുവരുന്നു. അവരിൽ പലരും തത്വജ്ഞാനത്തിലും ഈശ്വരശാസ്ത്രത്തിലും ഡോക്ടർ അല്ലെങ്കിൽ പണ്ഡിതശ്രേഷ്ഠൻ എന്നുള്ള ഉന്നത ബിരുദങ്ങൾ സമ്പാദിച്ചിട്ടുണ്ടു്.

ഈ അഭിവൃദ്ധിയെല്ലാം സാദ്ധ്യമായിവന്നതു് പ്രൈമറി, സെക്കണ്ടറി എന്നീ വൎഗ്ഗങ്ങളായ കത്തോലിക്കാ പാഠശാലകളുടെയും ഉന്നത പഠനങ്ങൾക്കായുള്ള സ്ഥാപനങ്ങളുടേയും പ്രതിവൎഷമുണ്ടായിട്ടുള്ള വൎദ്ധനയാലാകുന്നു. കേരളത്തിലെ കത്തോലിക്കരാൽ നടത്തപ്പെട്ടുപോരുന്ന ൨൦ ഹൈസ്കൂളുകൾ നമുക്കിപ്പോൾതന്നെയുണ്ടു്. എന്നുമാത്രമല്ല അടുത്തകാലത്തു രണ്ടു സെക്കണ്ട് ഗ്രേഡ് കോളേജുകളും ജാതമായിരിക്കുന്നു. സെൻറു തോമസ് കോളേജ് സ്ഥാപിച്ചിട്ട് ഇപ്പോൾ ൭ വൎഷമായി. വൎഷംതോറുമുള്ള അതിൻെറ കലാശാല പരീക്ഷാഫലങ്ങൾ ശ്ലാഘനീയമായിരിക്കുന്നു. കോൺഗ്രസ്സിലേക്കു വന്നിട്ടുള്ള പ്രതിനിധികളേയും അതിൻെറ ഗുണകാംക്ഷികളേയും ഇന്നീ സ്ഥലത്തുവെച്ചു സ്വീകരിക്കുവാൻ ഇടയായിട്ടുള്ളതു് ഈ കോളേജിനു അഭിമാനകരമായ ഒരു കാൎയ്യമാകുന്നു. ഈ കോളേജിൻെറ അദ്ധ്യക്ഷനായ ദിവ്യശ്രീ ജോൺ പാലോക്കാരൻ അവർകൾ എഡി

ൻബർഗ്ഗിലും ഓക്സ്ഫോർഡിലും വിദ്യാഭ്യാസം പൂർത്തിയാക്കി ഇക്കഴിഞ്ഞ ജനുവരി മാസത്തിൽ ഗ്രേററ് ബ്രിട്ടനിൽനിന്നു മടങ്ങിയെത്തി നിജജോലിയിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. സെൻറു് ബക്ക്മാൻസ് കോളേജ് രണ്ടുകൊല്ലം മുമ്പു ഓജസ്സോടുകൂടെ ആരംഭിച്ചു. ഇപ്പോൾ അതു തിരുവിതാംകൂറിലെ അത്യന്തം ശോഭനമായ ഭാവിയോടുകൂടിയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒന്നായി ഗണിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈ രണ്ടു കോളേജുകളും നടത്തിക്കൊണ്ടുപോരുന്നവരും അവയിലെ ഏതാനും അദ്ധ്യാപകന്മാരും കേരളീയ വൈദികരാണെന്നും അവ രണ്ടും സ്വദേശീയമായ സ്വമേധാശക്തിയുടേയും ദ്രവ്യസാമഗ്രികളുടേയും ഫലങ്ങളാണെന്നുമുള്ളതു് അർത്ഥവത്തായ ഒരു സംഗതിയാകുന്നു. ഉന്നത വിദ്യാഭ്യാസത്തിൽ പൂർവ്വാധിക വിജയങ്ങൾക്കിപ്രകാരം വഴി തുറന്നിരിക്കയും അവയെ സാധിക്കുന്നതിന്നു വേണ്ടുന്ന പ്രാപ്തി നമുക്കുണ്ടെന്നു തെളിയിക്കയുംചെയ്തിരിക്കുന്നു.

വിദ്യാഭ്യാസവിഷയത്തിൽ ഇതുവരെ നാം പ്രാപിച്ചിട്ടുള്ള വിജയം സാമാന്യമായി പ്രശംസനീയമാണെങ്കിലും ഇനിയും വളരെ ചെയ്വാനുണ്ടു്. നമ്മുടെ ഇടവകകളിൽ ഇനിയും പ്രാഥമിക പാഠശാലകളും വലിയ ഇടവകകളിൽ സെക്കണ്ടറി പാഠശാലകളും നമ്മുടെ സമുദായത്തിനു ചുരുങ്ങിയപക്ഷം ഒരു ഒന്നാംഗ്രേഡ് കോളേജും ആവശ്യമാണ്. ഒടുവിൽപറഞ്ഞതു എവിടെ സ്ഥാപിച്ചാലുംകൊള്ളാം. ഇതിനൊക്കെക്കുംപുറമേ നമ്മുടെ വിദ്യാഭ്യാസവിഷയകങ്ങളായ ശക്തികളെ പൂർവ്വാധികം സംഘടിപ്പിക്കയും ഏകീകരിക്കയുംവേണം. ഈ ശക്തികൾ വിവിധങ്ങളാണെങ്കിലും അവ വൃദ്ധി പ്രാപിക്കാതെയാണ് കിടക്കുന്നതു്. കൊച്ചിരാജ്യത്തിലെ കത്തോലിക്കാ മാനേജർമാരുടെ സഭ കാലോചിതമായ ഒരു സ്ഥാപനംതന്നെ. മാനേജർമാരുടേയും പ്രവർത്തകന്മാരുടേയും യത്നങ്ങളെ ഭരിക്കയും സംഘടീപ്പിക്കയും ചെയ്യുന്നതിന്നും അടിയന്തരസംഗതികളിൽ അവരെ സഹായിക്കുന്നതിന്നും വിദ്യാഭ്യാസവിഷയകവും മാനസികവും ആയ ഒരു മദ്ധ്യസ്ഥിതശക്ത്യുൽപാദകഗ്രഹമായി തീരത്തക്കതുമായ മറെറാരുപകരണം നമുക്കു ആവശ്യമാകുന്നു. ആവിധം ഒന്നുണ്ടാകുന്നപക്ഷം മേൽപറഞ്ഞ ശക്തിയെ അതിൻെറ ആവശ്യകത ഏററവും അധികമായിത്തോന്നുന്ന ദിക്കുകളിലേക്കു തിരിച്ചുവിടുകയും വിതരണം ചെയ്കയും ചെയ്യാം. ഈ സംഗതിയിലും വൈദികരുടെയും ലൌകികരുടേയും സഹകരണവും എല്ലാററിലുമധികമായി വലിയ പണപ്പിരിവും ആവശ്യമാകുന്നു.

കേരളത്തിൽ ഒരു ഒന്നാംഗ്രേഡ് കത്തോലിക്കാ കോളേജിൻെറ ആവശ്യകതയേക്കുറിച്ചു് ഈയിടെ തൃശ്ശിവപേരൂരും ചെങ്ങനാശേരിയിലുംവെച്ചു വളരെ ആലോചനകൾ നടക്കയുണ്ടായി. എന്നുതന്നെയല്ല ഇക്കാര്യത്തിൽ ഒരു നിവൃത്തിമാർഗ്ഗം കണ്ടെത്തിയപോലെ അല്പകാലത്തേക്കു തോന്നുകപോലും ചെയ്തു. എന്നാൽ ഈ രൂപതയെ സംബന്ധിച്ചിടത്തോളം ഈകാര്യം എന്തു സ്ഥിതിയിൽ ഇരിക്കുന്നു എന്നു ഞാൻ സംക്ഷേപമായി പറയാം. ഒന്നാമതായി പ്രസ്താവിക്കുവാനുള്ളതു് തൃശ്ശിവപേരൂരുള്ള എല്ലാ ജാതിക്കാർക്കും സെൻറു് തോമസ് കോളേജ് ഒന്നാം ഗ്രേഡിലേക്കു ഉയർത്തിയാൽ കൊള്ളാമെന്നു സാമാന്യമായ ഒരു ആഗ്രഹമുണ്ടു്. ഇതിനു വിശേഷിച്ചുള്ള കാരണം ഈ രാജ്യത്തിൽ അപ്രകാരമുള്ള മറെറാരു കോളേജ് ഇല്ലെന്നുള്ളതാണ്. എന്നു മാത്രമല്ല നാൾതോറും കൂടിക്കൂടിവരുന്ന കൊച്ചീ വിദ്യാർത്ഥികൾക്കു മററു കോളേജുകളിൽ വേണ്ടുവോളം പ്രവേശനം കിട്ടുവാനുള്ള പ്രയാസം അധികമധികമായി വരികയുമാണ്. അതുകൊണ്ടു മേൽപറഞ്ഞപ്രകാരമുള്ള ഒരു ആലോചന സഫലമാകുമെന്നുള്ളതിന്നു സംശയമില്ല. ഇതിനുള്ള ഏക പ്രതിബന്ധം മതിയായ ദ്രവ്യശേഖരം ചെയ്വാനുള്ള പ്രയാസമാണ്. കലാശാലാപ്രസാരത്തിൻെറയും വിദ്യാഭ്യാസകാ

യ്യക്ഷമതയുടേയും ഈ കാലങ്ങളിൽ ഉന്നതപഠനങ്ങൾക്കായി ഒന്നാംതരം സ്ഥാപനങ്ങൾ അല്ലാതെ മറെറാന്നും ആരംഭിക്കുന്നതു് ഉചിതമോ വിലയുള്ളതോ ആയ ഒരു പ്രവൃത്തിയായിരിക്കയില്ല. ഈ സംഭാവ്യതയെ മുൻകൂട്ടി കണ്ടതിനാൽ ഈ രൂപതയെ ഭരമേററ ഉടനെ എൻെറ അധികാരത്തിൽപെട്ട കത്തോലിക്കരോടു ഒരു നല്ല കോളേജ് സ്ഥാപിക്കുന്നതിന്നു വേണ്ടിവരുന്ന പ്രാരംഭ ചിലവുകളേയും ആവൎത്തിയായി വേണ്ടിവരുന്ന ചിലവുകളേയും നേരിടുവാൻ മതിയായ ഒരു പണശേഖരം ചെയ്യുന്നതിന്നു ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കയുണ്ടായി. എങ്കിലും അതിൻെറ ഫലങ്ങൾ വളരെ ഉത്സാഹജനകമായിരുന്നില്ല. ആ ഹേതുവാൽ 2 കൊല്ലംമുമ്പു സയൻസ്സ് ലബൊറാററി സ്ഥാപിച്ചപ്പോൾ അതിനാവശ്യമായ പണംപിരിക്കുവാൻ കഴിഞ്ഞതു് ഏററവും പ്രയാസത്തോടും ആത്മത്യാഗത്തോടും കൂടിയായിരുന്നു. യഥാൎത്ഥത്തിൽ പലവഴികളായി മുപ്പതിനായിരത്തിൽ ചില്വാനം രൂപ വരണ്ടിക്കൂട്ടേണ്ടിവന്നു. എന്നുമാത്രമല്ല കോളേജിനേയും അതിൻെറ പലവകുപ്പുകളേയും നിലനിറുത്തിക്കൊണ്ടുപോകയെന്നതു് ഈ മിസ്സത്തിൻെറ അല്പശക്തികൾക്കു താങ്ങുവാൻ പാടില്ലാത്ത ഒരു വലിയ ഭാരമായി തോന്നിത്തുടങ്ങിയിരിക്കുന്നു. അതുകൊണ്ടു കത്തോലിക്ക ജനസാമാന്യവും കോളേജിൻെറ മററു ബന്ധുക്കളും ഔദാൎയ്യപൂൎവ്വം ദ്രവ്യസഹായം ചെയ്യാത്തപക്ഷം ഇനിയും കുറേക്കാലത്തേക്കു ബി. ഏ. ക്ലാസുകൾ തുറക്കുന്നതിനോ അങ്ങനെയുള്ള ഒരു സ്ഥാപനത്തെ തക്ക യോഗ്യതയോടുകൂടെ നടത്തിക്കൊണ്ടുപോകുന്നതിനോ മതിയായ പണം സംഭരിക്കുവാൻ ഈ മിസ്സത്തിനു സാധിക്കുന്നതല്ല. ഈ സംഗതികളെ ജനസാമാന്യത്തെ പരസ്യമായി ഗ്രഹിപ്പിക്കുവാനുള്ള ഒരവസരം കിട്ടുന്നതിനു ഞാൻ ഉൽക്കണ്ഠാപൂൎവ്വം കാത്തിരിക്കയായിരുന്നു. അതിനിപ്പോൾ സംഗതിയായതിനാൽ സന്തോഷിക്കയും ചെയ്യുന്നു. നമ്മുടെ യുവജനങ്ങളുടെ ഉന്നത വിദ്യാഭ്യാസത്തിന്നു സൌകൎയ്യങ്ങളുണ്ടാക്കിക്കൊടുക്കയെന്നുള്ളതു ജനസാമാന്യത്തെയും കത്തോലിക്ക സമുദായത്തെയും മുഖ്യമായി സംബന്ധിക്കുന്ന ഒരു കാൎയ്യമാകുന്നു. മിഷ്യൻ അധികൃതന്മാരെ വേണ്ടപോലെ സഹായിക്കയും ഉത്സാഹിപ്പിക്കയും ചെയ്യുന്നുണ്ടോ എന്നു നോക്കേണ്ടതു അവരുടെ മുറയാകുന്നു. ഈകാൎയ്യത്തിൽ ബലവത്തായും കാൎയ്യക്ഷമമായുമുള്ള ഒരു പൊതുജനാഭിപ്രായം അവശ്യമാകയാൽ അത്യന്താപേക്ഷിതമായ ഈ മനോഭാവം ജനതയുടെ ഇടയിൽ ഉല്പാദിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്യാൻ ഈ മഹാജനസഭയേപ്പോലെയുള്ള സ്ഥാപനങ്ങൾക്കു കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

## വേദപുസ്തക പാരായണം.

ഒടുക്കത്തെ അത്താഴത്തിനു് ശേഷമുണ്ടായ സംഭാഷണം. (തുടൎച്ച.)

(വി. യോഹന്നാൻ XVI. 1– 15.)

“നിങ്ങൾ വിരുദ്ധപ്പെടാതെ ഇരിക്കേണ്ടതിന്നു ഞാൻ ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. അവർ നിങ്ങളെ സഭയിൽനിന്നു പുറത്താക്കും; അത്രയുമല്ല നിങ്ങളെ കൊല്ലുന്നവരെല്ലാം ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നു എന്നു വിചാരിക്കുന്ന സമയം വരുന്നു. അവർ പിതാവിനെ എങ്കിലും എന്നെയെങ്കിലും അറിയായ്കകൊണ്ടു്, ഇവ നിങ്ങളോടു ചെയ്യും. എന്നാൽ ആ സമയം വരുമ്പോൾ, ഞാൻ ഇവ നിങ്ങളോടു പറഞ്ഞിട്ടുണ്ടു് എന്നു നിങ്ങൾ ഓ

ക്കേണ്ടതിന്നു് ഞാൻ ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ ആദിമുതൽ ഇവ ഞാൻ നിങ്ങളോടു പറയാഞ്ഞതു ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരുന്നതുകൊണ്ടത്രെ.

ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ പക്കലേക്കു പോകുന്നു; എങ്കിലും നീ എവിടേക്കു പോകുന്നു എന്നു നിങ്ങളിൽ ഒരുത്തനും എന്നോടു ചോദിക്കുന്നില്ല. എന്നാൽ ഞാൻ ഇവ നിങ്ങളോടു പറഞ്ഞതിനാൽ, നിങ്ങളുടെ ഹൃദയം ദുഃഖംകൊണ്ടു നിറഞ്ഞിരിക്കുന്നു. എങ്കിലും ഞാൻ സത്യം നിങ്ങളോടു പറയുന്നു; ഞാൻ പോകുന്നതു് നിങ്ങൾക്കു പ്രയോജനകരമാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ പോകാതിരുന്നാൽ, ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കൽ വരികയില്ല; എന്നാൽ ഞാൻ പോയാൽ, ഞാൻ അയാളെ നിങ്ങളുടെ അടുക്കലേക്കു അയക്കും. അയാൾ വരുമ്പോൾ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തെ കുറ്റപ്പെടുത്തും. എങ്ങിനെയെന്നാൽ അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ടു് പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാലും നിങ്ങൾ ഇനി എന്നെ കാണുകയില്ല എന്നതിനാലും നീതിയെക്കുറിച്ചും, ഇഹലോകത്തിന്റെ പ്രഭു ഇപ്പോൾ വിധിക്കപ്പെട്ടിരിക്കകൊണ്ടു് ന്യായവിധിയെക്കുറിച്ചും (കുറ്റപ്പെടുത്തും).

ഇനിയും എനിക്കു അനേക കാര്യങ്ങൾ നിങ്ങളോടു പറവാനുണ്ടു്; എന്നാൽ നിങ്ങൾക്കു (അവയെ) വഹിപ്പാൻ ഇപ്പോൾ കഴികയില്ല. എങ്കിലും സത്യത്തിന്റെ അരൂപി വരുമ്പോൾ എല്ലാ സത്യവും നിങ്ങളെ പഠിപ്പിക്കും. എന്തുകൊണ്ടെന്നാൽ അയാൾ സ്വയമായി പറയാതെ താൻ കേൾക്കുന്നവ ഒക്കെയും പറകയും, വരുവാനുള്ളവയെ നിങ്ങളോടു അറീക്കയും ചെയ്യും. അയാൾ എന്നെ മഹത്വപ്പെടുത്തും. എന്തുകൊണ്ടെന്നാൽ അയാൾ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങളേ അറിയിക്കും. പിതാവിന്നുള്ളവ സകലവും എനിക്കുള്ളവ ആകുന്നു; അതുകൊണ്ടത്രേ അയാൾ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങളേ അറിയിക്കും എന്നു ഞാൻ പറഞ്ഞതു്.

ഫാദർ അലക്സാണ്ടർ സി.ഡി.

## ഒരു അഭ്യർത്ഥന. (പദ്യം)

(കൊച്ചുത്രേസ്യാവിജയം മണിപ്രവാളകാവ്യം നാലാം സർഗ്ഗത്തിൽനിന്നു)

താത! മാമക നിതാന്തതുഷ്ടിയിൻ
പാതഹസ്തഗതമായ് നിരാമയം
പൂതമാനസ! ഭവൽകുമാരിയിൽ
പ്രീതനായ് ജവമനുഗ്രഹിക്കണം. 1.

ശാസനപ്പടി നടക്കുമീമകൾ-
ക്കാസനം സുവിമലം ലഭിച്ചിതാ
ഭാസമാന പരിപൂത ഭാവിയാ-
ശംസ ചെയ്യണമിവൾക്കു സത്വരം. 2.

ശാന്ത! നിൻ പ്രിയകുമാരി നിർവ്യഥം
ശാന്തയായ് ദിവിസുഖത്തെയേന്തുവാൻ
സ്വാന്തമോദഫലമാം വരം ഭവാൻ
ചന്തമോടുടനെ നൽകിടേണമേ. 3.

തുഷ്ടിയോടിഹ വസിച്ചു താത! സം-
പുഷ്ടി പുണ്യനികരത്തിനേറുവാൻ
ദൃഷ്ടിചെയ്തു തവ പുത്രിയിൽ കൃപാ-
വൃഷ്ടിയേകുവതിനൊന്നു തോന്നണേ! 4.

മായയാം ക്ഷിതിയിലെന്റെ ജീവിതം
മായമറ്റു പരിപൂതമാക്കുവാൻ
ഹാ! യതിപ്രവര! താത! നിൻ ദയാ-
തോയമെന്നിലൊഴുകേണമിക്ഷണം. 5.

ഉന്നഹീശചരണത്തിലാക്കിയെൻ-
മോഹമിന്നു സഫലീഭവിച്ചിതാ
മോഹമൊത്തിവൾ ഗമിച്ചു കന്യമർ-
ഗേഹമെത്തുവതിനാജ്ഞ നൽകണേ. 6.

താത! സച്ചരിത! ശുദ്ധനീതിഖ-
ദ്യോതരശ്മിയിവളിൽ ജ്വലിക്കുവാൻ
സ്ഫീതമോദമൊടു മാൎഗ്ഗമൊക്കയും
വീതശങ്കമരുളേണമേ ഭവാൻ. 7.

നീതിയോടിനിയുമുള്ള ജീവിതം
ഭൂതിചേൎത്തിവൾ മനോജ്ഞമാക്കുവാൻ
ഓതി, നിൻ കരസരോരുഹങ്ങളെ
പ്രീതിയാൽ മമശിരസ്സിൽ വയ്ക്കണേ 8

ലോകവാഞ്ഛകളൊഴിച്ചു, നിത്യവും
ലോകനാഥപഥമെന്നു തേടുവാൻ
ആകവേ, മനസി ചിന്തയുള്ളൊരെൻ-
ശോകമിന്നു മമ താത! തീക്കണേ 9.

കാണിയും ജനക! മൽസുചിന്തയിൻ-
ശ്രേണികൾക്കുഴവമെഴാതിരിക്കുവാൻ
ചേണിയന്നു മമമൂൎദ്ധ്നി സത്വരം
പാണിചേൎത്തലമനുഗ്രഹിക്കണം. 10.

മാലകന്നു പെരുത്തും പെടാതതയെൻ
മാലകന്നുവതിനായ് ജവം ഭവാൻ
ശീലമേന്മയൊടനുഗ്രഹിച്ചു ത-
ല്ലീലമന്മനസി തൃപ്തി ചേൎക്കണേ. 11.

ക്രൂരിയന്നൊരിവളിന്നു ചൊൽവതിൽ—
തേറിടായ്ക മമ താത! നിൎഭരം
ഏറിടും രുജയൊഴിച്ചു മെച്ചമാം
ക്രൂരിലെന്റെ ഗതി സമ്മതിക്കണേ. 12.

പ്രവിത്താനം, പി. എം. ദേവസ്യ.

# അധൎമ്മികളും നിത്യനരകവും.

(റസ്സൽമതനിരൂപണം)

റസ്സൽ മതക്കാരുടെ ഏററവും പ്രസിദ്ധമായ സിദ്ധാന്തം പാപികൾക്കുള്ള നരകശിക്ഷ നിത്യദണ്ഡനം അല്ലെന്നാകുന്നു. ഇതിലേക്കുള്ള അവരുടെ പ്രധാനന്യായം നിത്യമായ ഒരു നരകമുള്ളതായി വേദപുസ്തകത്തിൽ അവർ കാണുന്നില്ലെന്നുള്ളതത്രെ.

എന്നാൽ നരകശിക്ഷയുടെ നിത്യതയേക്കാൾ അധികം തെളിവായി ലക്ഷീഭവിക്കുന്ന മറേറതെങ്കിലും സത്യം വേദപുസ്തകത്തിലുണ്ടോയെന്നു് ഞാൻ സംശയിക്കുന്നു. എന്തെന്നാൽ:—

൧. ഒന്നാംതരത്തിലൊരുലക്ഷ്യമാണു് വിശുദ്ധ മത്തായിയുടെ സുവിശേഷം ഇരുപത്തഞ്ചാം അദ്ധ്യായത്തിൽ കാണുന്നതു്. (൨൫ ൩൧) ‘മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളും അവന്റെ മുമ്പാകെ കൂട്ടപ്പെടും. അവൻ അവരെ ഇടയൻ കോലാടുകളിൽനിന്നു ചെമ്മരിയാടുകളെ വേൎതിരിക്കുന്നതുപോലെ തമ്മിൽ വേൎതിരിച്ചു് ചെമ്മരിയാടുകളെ തന്റെ വലത്തുഭാഗത്തും കോലാടുകളെ ഇടത്തുഭാഗത്തും നിറുത്തും. അപ്പോൾ രാജാവു് തന്റെ വലത്തുഭാഗത്തുള്ളവരോടു അരുളിച്ചെയ്യും. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യത്തെ അവകാശമാക്കുവിൻ... പിന്നെ അവൻ ഇടത്തുഭാത്തുള്ളവരോടു അരുളിച്ചെയ്യും; ശപിക്കപ്പെട്ടവരെ, എന്നെ വിട്ടു് പിശാചിനും അവന്റെ ദൂതന്മാൎക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ... ഇവർ നിത്യദണ്ഡനത്തിലേക്കും, നീതിമാന്മാർ നിത്യജീവിതത്തിലേക്കും പോകും.”

പ്രസ്തുത ദൈവവാക്യങ്ങളിൽ നിന്നു് അധൎമ്മികൾ നിത്യാഗ്നിയിലേക്കു് നിത്യദണ്ഡനാൎത്ഥം പോകുമെന്നു് പ്രസ്പഷ്ടമണല്ലോ. “നിത്യ„ശബ്ദത്തിനു വേദത്തിൽ സാമാന്യമായുള്ള അൎത്ഥം “അന്ത്യമില്ലാത്തതു്„ എന്നാണങ്കിലും ചിലപ്പോൾ ദീൎഘകാലം സ്ഥിതിചെയ്യുന്നതു് അഥവാ ലോകാവസാനം വരെ ദീൎഘിക്കുന്നതു് എന്നും മററും ഇതരാൎത്ഥ

ങ്ങൾ ഉണ്ടെന്ന് ഇവിടെനിഷേധിക്കുന്നില്ല. ഉദ്ധൃതവാക്യങ്ങളിലാകട്ടെ, നിത്യാഗ്നി, നിത്യദണ്ഡനം, നിത്യജീവൻ എന്ന ഈ മൂന്നു വാക്യഖണ്ഡങ്ങൾ ഒരേ ആൾ ഒരേ സമയത്ത് ഒരേ ശ്വാസത്തിൽ തന്നെ പ്രയോഗിച്ചിട്ടുള്ളതാകയാൽ 'നിത്യ'മെന്ന പദം ഒരേ അർത്ഥത്തിൽ വ്യാഖ്യാനിക്കേണ്ടതാണല്ലൊ. വിശിഷ്യാ, ക്രിസ്തു അവ ഉച്ചരിക്കുന്നതു് വിധികർത്താവ് എന്ന നിലയിലാകയാൽ അതും പരമ ഗൗരവമായ അവസാനവിധിദിവസത്തിങ്കലുമാകയാൽ ഭയാർത്ഥപ്രയോഗം അശേഷം സംഗതവുമല്ല. എന്നാൽ ഇവിടെ നിത്യജീവനെന്ന ശബ്ദത്തിനു ഏവരും (എതിർകക്ഷികളും) ഒരിക്കലും നശിക്കാത്തതായ ജീവൻ എന്ന് അർത്ഥം കല്പിക്കുന്നതിനാൽ അതേ മാത്രയിൽ അതേ നാവാൽ ഉച്ചരിക്കപ്പെട്ട 'നിത്യാഗ്നി, നിത്യദണ്ഡനം' എന്ന ശബ്ദങ്ങളുടെ ആശയം ഒരിക്കലും നശിക്കാത്ത അഗ്നി, അവസാനംവരാത്ത ശിക്ഷ, എന്നാണെന്ന് സമ്മതിച്ചേകഴിയൂ. അതിനാൽ അധർമ്മികൾക്കുള്ള ഭാവിയിലെ ശിക്ഷ അനന്തമായ നിത്യാഗ്നിനിമിത്തമുണ്ടാകുന്ന നിത്യദണ്ഡനം അഥവാ നിത്യനരകം തന്നെയാണെന്നുള്ള പാരമ്പര്യപാഠം വേദാനുസരണമല്ലയോ?

൨. പ്രസ്തുത വാക്യത്തിന്റെ ഏതൽഭാഷ്യം മാത്രമാണ് ശരിയായതെന്ന് ഇനിയും വേദംകൊണ്ടുതന്നെ തെളിയിക്കാം. വി. മർക്കോസ് ൯-൪൩ തുടങ്ങിയുള്ള വാക്യങ്ങൾ ഇതിലേക്കു സുപ്രസിദ്ധതെളിവുകളാണ്. "നിന്റെ കൈ നിനക്ക് ഇടർച്ചവരുത്തിയാൽ അതിനെ നീ വെട്ടിക്കളയുക. ഊനനായി ആയുസ്സിലേക്കു പ്രവേശിക്കുന്നതു രണ്ടു കയ്യുമുള്ളവനായി കെടാൻ വയ്യാത്ത അഗ്നിയാകുന്ന നരകത്തിൽ പോകുന്നതിനെക്കാൾ നിനക്കു നല്ലതാകുന്നു. അവിടെ അവരുടെ പുഴ ചാകുന്നുമില്ല, തീ കെടുന്നുമില്ല."

"നിന്റെ കാല് നിനക്കു ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക. മുടന്തനായി ജീവനിലേക്കു പ്രവേശിക്കുന്നതു് രണ്ടുകാലുമുള്ളവനായി കെടാൻ പാടില്ലാത്ത അഗ്നിയായ നരകത്തിൽ തള്ളപ്പെടുന്നതിനെക്കാൾ നിനക്കു നല്ലതാകുന്നു. അവിടെ അവരുടെ പുഴ ചാകുന്നില്ല തീ കെടുന്നതുമില്ല." „നിന്റെ കണ്ണ് നിനക്കിടർച്ച വരുത്തിയാൽ അതിനെ ചൂഴന്നുകളക. ഒറ്റക്കണ്ണായി ദൈവരാജ്യത്തിൽ കടക്കുന്നതു് രണ്ടുകണ്ണുമുള്ളവനായി അഗ്നിനരകത്തിൽ തള്ളപ്പെടുന്നതിനെക്കാൾ നിനക്കു നല്ലതാകുന്നു. അവിടെ അവരുടെ പുഴ ചാകുന്നില്ല. „

ഇവിടെ രണ്ടാം സുവിശേഷകൻ ഒന്നാമത്തെ സുവിശേഷകന്റെ "നിത്യാഗ്നി„ക്കു പകരം ഒന്നല്ല രണ്ടല്ല മൂന്നു പ്രാവശ്യം പ്രയോഗിച്ചിരിക്കുന്ന പര്യായം "കെടാൻ പാടില്ലാത്ത തീ" ആണെന്ന് ശ്രദ്ധിച്ചാലും. വിശുദ്ധ മത്തായിയിൽ കാണുന്ന 'നിത്യ അഗ്നി, വളരെ ദീർഘമായ കാലത്തേക്കുള്ള തീയാണെന്ന് ഒഴിവുകഴിവു പറവാൻ തുനിയുന്നവൻ, വിശുദ്ധ മർക്കോസിൽ കാണുന്ന 'കെടാൻ പാടില്ലാത്ത തീയുടേയും' 'ചാകാത്ത പുഴവിന്റേയും' പക്കൽ എന്തു സമാധാനം പറയും? കെടാൻ പാടില്ലാത്ത തീ ഒരിക്കലും കെടുകയില്ല. ഒരിക്കലും കെടാത്ത തീ ചാകാത്ത പുഴവിനെ ഒരിക്കലും ദഹിക്കാതെയും ഇരിക്കയില്ല. തന്നിമിത്തം നരകശിക്ഷ ഒരിക്കലും നശിക്കാത്ത ദണ്ഡനമാണെന്ന് വേദത്തിൽ നിന്നു വീണ്ടും അവശ്യം സിദ്ധിക്കുന്നു.

൩) നിത്യനരകവാദസ്ഥാപനാർത്ഥം ഇനിയും അനേക ലക്ഷ്യങ്ങൾ വേദത്തിലുണ്ട്. അവയിൽ ഏതാനും ഇവിടെ ഉദ്ധരിക്കുകമാത്രം ചെയ്യൂ.

തങ്ങളുടെ വാഴ്ചയെ കാത്തുകൊള്ളാതെ സ്വവാസസ്ഥലത്തെ വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി "എന്നെന്നേക്കുമുള്ള ബന്ധനങ്ങളാൽ അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു.'' അതുപോലെ സോദോമും, ഗോമോറായും അവയ്ക്കു ചുറ്റുമുള്ള പട്ടണങ്ങളും ഇവക്കു സമമായി വേശ്യാദോഷം ചെയ്ത് അന്യജഡത്തിന്റെ പിന്നാലെ നടന്നതിനാൽ "നി

ത്യാഗ്നിയുടെ ശിക്ഷാവിധി സഹിച്ച് ദൃഷ്ടാന്തമായി കിടക്കുന്നു." (യൂദാ ലേഖനം. ൧, ൬, ൭,)

"അവർ, (സുവിശേഷത്തെ അനുസരിക്കാത്തവർ) കൎത്താവിന്റെ മുഖത്തിൽ നിന്നും അവന്റെ മഹത്വത്തിൽനിന്നും നശിച്ച് നിത്യദണ്ഡനം അനുഭവിക്കും.,, (൨ തെസ്സലോനി ൧. ൮, ൯,)

"അവരുടെ ദണ്ഡനത്തിന്റെ പുക എന്നന്നേയ്ക്കും പൊങ്ങുന്നു.,, (വെളിപാട് ൧൪ ൧൧)

"ഭൂമിയുടെ പൊടിയിൽ നിദ്ര ചെയ്യുന്ന അനവധി ആളുകളിൽ ചിലർ നിത്യമായ ജീവനിലേക്കും, ചിലർ നിത്യദൎശനാൎത്ഥം നിന്ദയിലേക്കും ഉണരുന്നതാണ്.,, (ദാനിയേൽ ൧൨. ൨)

ഫാദർ ജേയിംസ് കാളച്ചേരി,
പി. എച്ച്. ഡി., ഡി. ഡി.

## വി. പാസ്ക്കൽ ബെയിലോൺ.
## III.

### സന്യാസഭവനത്തിലേക്കു.

യഥാൎത്ഥമായ സന്യാസജീവിതമവലംബിക്കുന്നതിനു മുൻപായിത്തന്നെ 'പേനാസ് ദെ സാൻ പേദറോ' (Penas de sanpedro) യിലുണ്ടായിരുന്ന അവരുടെ വയലിന്റെ ഭാരവാഹിത്വം മൂത്ത സഹോദരിയെ ഭരമേല്പിക്കണമെന്നു പാസ്കലിനു അതിയായ ആഗ്രഹമുണ്ടായി. ദീൎഘകാലമായി തന്നിൽനിന്നു അകന്നിരുന്ന ഈ സഹോദരിയുമായി പിന്നീടുണ്ടായ കൂടിക്കാഴ്ച സന്തോഷാവഹവും മാധുൎയ്യസംപൂൎണ്ണവുമായിരുന്നു സന്ദൎശനാവസരത്തിൽ സഹോദരിയായ 'യോഹന്നാ' വിസ്മയപൂരിതയായി സന്യാസാൎത്ഥിയായ നമ്മുടെ ബാലനെ കണ്ണു മാററാതെ നോക്കിക്കൊണ്ടിരുന്നെന്നുള്ളതു പ്രത്യേകം പ്രസ്താവ്യം തന്നെ. വിശിഷ്യ സ്വഭക്തനിശ്ചയത്തിലുള്ള ബാലന്റെ ചാഞ്ചല്യരഹിതമായ പ്രവൎത്തനയും അതിനെ കഴിയുന്നത്ര വേഗത്തിൽ പ്രായോഗികമാക്കണമെന്നുള്ള തീക്ഷ്ണതയും അവളെ ആനന്ദാബ്ധിയിൽ നിമഗ്നമാക്കുകയുണ്ടായി.

ഇത്രയും പറഞ്ഞതിൽനിന്നു പാസ്കലിന്റെ യാത്രയയപ്പു സംബന്ധമായ എല്ലാ കാൎയ്യങ്ങളും അവൾ ഭംഗിയായിത്തന്നെ നടത്തുമെന്നു നമുക്കു ഊഹിക്കാവുന്നതാണല്ലോ. ഇതാ! ചതുവിഭവങ്ങളോടുകൂടിയ ഒരു മേശയും സുഖദായകമായ ഒരു ശയനമുറിയും തയ്യാർ! മററു സകല ഏൎപ്പാടുകളും ധൃതിയായി നടക്കുന്നു. എന്നാൽ എന്തു സംഭവിച്ചു? "പെങ്ങളെ, അത്രയൊന്നും ബുദ്ധിമുട്ടേണ്ട, കുറെ അപ്പവും അല്പം വെള്ളവും മാത്രം മതിയാകും" എന്നാണു പാസ്കൽ പറഞ്ഞതു്. ഇതു എത്രമാത്രം അവളെ ഭഗ്നാശയാക്കിത്തീൎത്തുയെന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ലല്ലോ.

ഭോജ്യസാധനങ്ങളോടുള്ള ബാലന്റെ അതൃപ്തി യാത്രാക്ഷീണത്തിൽനിന്നുൽഭൂതമായിട്ടുള്ളതാണെന്നുള്ള ധാരണയാൽ, കുറഞ്ഞാൽ മുറിയും ശയ്യയുമെങ്കിലും അയാൾ ഉപയോഗപ്രദമാക്കാതിരിക്കയില്ലെന്നു കരുതി യോഹന്നാ സമാശ്വസിക്കയാണുണ്ടായതു്. എന്നാൽ അപ്രതീക്ഷിതങ്ങളായ സംഭവങ്ങൾ അവൾക്കു അവിടെയും നേരിടാതിരുന്നില്ല. ഒന്നാമതായിത്തന്നെ അവളോടു നടത്തിക്കൊണ്ടിരുന്നതും ദീൎഘിപ്പിക്കുന്നതിനു അവൾ ആശിച്ചുകൊണ്ടിരുന്നതുമായ സംഭാഷണം അയാൾ പെട്ടെന്നു നിറുത്തി. അനന്തരം ശയ്യയെ പ്രാപിക്കാതെ സുദീൎഘപ്രാൎത്ഥനകൾ ആരംഭിച്ചു. കുറെ കഴിഞ്ഞപ്പോൾ കഠോരമായി മാൎവ്വിലടിക്കുന്ന സ്വരവും കേട്ടുതുടങ്ങി. സ്നേഹഭാജനത്തിനു എന്തു ഭവിച്ചുവെന്നറിയണമെന്നുള്ള ആകാംക്ഷയോടെ സഹോദരി നിശ്ശബ്ദയായി കുഞ്ഞാങ്ങളയുടെ മുറിയെ സമീപിച്ചു. വേഗം വാതിലിന്റെ

പഴുതുകളിലൂടെ അകത്തേക്കു നോക്കി. കാഴ്ച വളരെ ഭയങ്കരംതന്നെ.! പാസ്കൽ ദേഹത്തിൽ നിർദ്ദയം അടിക്കുന്നു. തോലു രണ്ടും ചിന്നഭിന്നമായി രക്തം പ്രവഹിക്കുന്നു. മാത്രമല്ല, അവ വലിയ മുറിവിനു തുല്യമായി പകുന്നു കഴിഞ്ഞു. പീഡനയന്ത്രം ഇനിയും പ്രയോഗത്തിൽതന്നെയിരിക്കുന്നു. ഹൃദയഭേദകമായ ഈ കാഴ്ച സഹിക്കുന്നതിനു നിൎവ്വാഹമില്ലാതെ "ഹാ! ഭക്തനായ കുഞ്ഞു സന്യാസി!" എന്നു വിളിച്ചു വാവിട്ടു കരഞ്ഞുകൊണ്ടു യോഹന്നാ അവിടെനിന്നു ഓടിക്കളഞ്ഞു.

പ്രഭാതമായിട്ടും സഹോദരിയുടെ സങ്കടത്തിനു യാതൊരു നിവാരണവുമുണ്ടായില്ല. വൃദ്ധ മൂൎത്തീകരിക്കുകയാണുണ്ടായതു്. എന്തെന്നാൽ പാസ്കൽ പ്രായശ്ചിത്താനുഷ്ഠാനവും പ്രാൎത്ഥനാസമൎപ്പണവും കഴിച്ചുംവച്ചു വെറും തറയിലത്രെ കിടന്നുറങ്ങിയതു്. ഇതാ! സ്വഭവനത്തിനു സ്വസ്തി ചൊല്ലി സന്യാസാശ്രമത്തിലേക്കു പുറപ്പെടാറായി. പശിയാൽ വലഞ്ഞിട്ടും ബാലൻ ഈ സമയത്തുകൂടിയും ഒന്നും ഭക്ഷിക്കുന്നില്ല. യാത്രാമദ്ധ്യേ ഭുജിക്കുന്നതിനായി വല്ലതും സ്വീകരിക്കുന്നുണ്ടോ? അതുമില്ല. എല്ലാം തിരസ്കരിക്കയാണു് ചെയ്യുന്നതു്. "കുറച്ചുവെള്ളം ആ ബോത്തലിൽ ഒഴിച്ചേക്കു, വഴിയിൽ പശിയുണ്ടായാൽ അപ്പം ഇരന്നുവാങ്ങിക്കൊള്ളാം,, എന്നാണു് പാസ്കൽ സഹോദരിക്കു കൊടുത്ത മറുപടി. അനന്തരം മന്ദഹാസം തൂകിക്കൊണ്ടു അയാൾ യാത്രയാരംഭിച്ചു. യോഹന്നായാകട്ടെ ക്ലേശഭൂയിഷ്ഠമായ ഹൃദയത്തോടത്രെ സ്വഗൃഹത്തിലേക്കു മടങ്ങിയതു്. നമ്മുടെ കഥാനായകൻ ഒരു സ്വൎഗ്ഗീയദൎശനംപോലെ മറഞ്ഞുകഴിഞ്ഞു. എങ്കിലും അവിടെ സന്നിഹിതരായിരുന്ന മാന്യജനങ്ങൾക്കു ആ ബാലനെമാധുൎയ്യപൂൎവ്വമല്ലാതെ സ്മരിക്കുന്നതിനു നിവൃത്തിയില്ലായിരുന്നുയെന്നുള്ളതു് സ്മൎത്തവ്യം തന്നെ. കുടുംബാംഗങ്ങളും അയൽവാസികളും ഈ വേർപാടു അറിഞ്ഞപ്പോൾ "ആ യുവാവു് ഒരു സുകൃതിതന്നെ"യെന്നു ഏകകണ്ഠമായി പ്രസ്താവിച്ചു.

സന്യാസാൎത്ഥി യാത്രചെയ്തു് ലൊരേത്തുമാതാവിൻെറ നാമത്തിൽ പണിയിക്കപ്പെട്ടിട്ടുള്ള 'മൊന്തെഫോൎത്തോ'യിലെ പ്രൻസീസ്കോസു് സഭക്കാരുടെ ആശ്രമത്തിൽ ചെന്നെത്തി. ഉടൻതന്നെ പ്രസ്തുത സഭാംഗമായിത്തീരണമെന്നുള്ള തൻെറ ആകാംക്ഷയെ അധികാരികളോടു വളരെ താല്പൎയ്യപൂൎവ്വം അറിയിച്ചു. അതിലേക്കുള്ള അനുമതിയും യാചിച്ചു. യുവാവിൻെറ ഭാവവും, പ്രായക്കുറവും, വസ്ത്രങ്ങളുടെ അസാധാരണത്വവുമെല്ലാംകൂടി കണ്ടപ്പോൾ സഭാനേതാക്കൾക്കു അയാളിൽ സന്ദേഹം ജനിക്കയും തൻമൂലം അനുമതി നൽകാതെ അയാളെ പറഞ്ഞയക്കയുമാണുണ്ടായതു്. ഇതു് നമ്മുടെ ഭവിഷ്യസന്യാസിക്കു എത്രകണ്ടു ഖേദം വരുത്തിക്കൂട്ടിയെന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ല. എന്നാൽ ഇവയെല്ലാം അയാളുടെ മനസ്സിൻെറ സ്ഥിരത, ദൈവവിളിയുടെ യാഥാൎത്ഥ്യം ആദിയായവയെ പ്രശോഭിതങ്ങളാക്കിത്തീൎക്കുന്നതിനുള്ള ദൈവ പരിപാലനയുടെ ശക്തിമത്തായ ഉപകരണങ്ങളായിട്ടാണു് പരിണമിച്ചതു്.

പാസ്കലാകട്ടെ അധൈൎയ്യപ്പെടാതെ സഭാപ്രവേശനത്തിനുള്ള അനുമതി പല പ്രാവശ്യവും യാചിക്കാതിരുന്നില്ല. അധികാരികൾ ഓരോ പ്രാവശ്യവും പണ്ടേതന്നെ തനിക്കു രസാവഹമല്ലാതിരുന്ന ലോകത്തിലേക്കു അയാളെ പറഞ്ഞയക്കുകയാണുണ്ടായതു്.

(തുടരും.)

## പ്രാൎത്ഥനയെപ്പററി രണ്ടു വാക്കു്.

ദൈവത്തോടുള്ള സംഭാഷണമെന്നു പ്രാൎത്ഥനയെ നിൎവ്വചിക്കുന്നതിൽ അബദ്ധമില്ല. സൎവ്വശക്തനായ ദൈവത്തോടു നമുക്കുള്ള സംബന്ധത്തെ ഗ്ര

ഹിക്കുന്നതു അതിൻെറ മൂലവും, ഇഹത്തിലും പരത്തിലും ഉപയോഗപ്രദമായിട്ടുള്ളവ സകലവും അതിൻെറ ഫലവുമാകുന്നു. ദൈവസന്നിധിയിലേക്കുള്ള ആത്മാവിൻെറ ആരോഹണമാണു പ്രാർത്ഥനയുടെ കാതൽ. എന്നാൽ അതു പരിപൂർണ്ണവും കളങ്കരഹിതവുമായിരിക്കണമെങ്കിൽ ആരോഹണാവസ്ഥയെ കവിഞ്ഞിരിക്കണം. ഇതിനാൽ പ്രാർത്ഥന വാഗ്മൂലമായി പ്രത്യക്ഷപ്പെടുന്നു; ബഹുമാനാദരവുകളെ കാണിക്കുന്ന പ്രവൃത്തികളെ ഉളവാക്കുന്നു. വചനങ്ങളും പ്രവൃത്തികളും ആന്തരിയവികാരങ്ങളുടെ പ്രകടനങ്ങളാണെല്ലൊ. ഈ കാരണത്താൽ പ്രാർത്ഥന, രഹസ്യമായോ പരസ്യമായൊ ഉള്ള ആരാധന അഥവാ മതമായി രൂപാന്തരപ്പെടുന്നു.

ത്രിവിധ കാരണങ്ങളാൽ നാം ദൈവത്തോടു പ്രാർത്ഥിക്കുവാൻ അഥവാ തന്നെ സംബോധനം ചെയ്വാൻ കടപ്പെട്ടിരിക്കുന്നു. 1. മനസ്സാക്ഷി അതിനു പ്രേരിപ്പിക്കുന്നു. 2. സ്വാതന്ത്ര്യം അതിനനുവദിക്കുന്നു. 3. പ്രമാണം അതിനു നിർബന്ധിക്കുന്നു.

1. മനസ്സാക്ഷിയുടെ പ്രേരണ.

പ്രാർത്ഥിക്കുന്നതിനുള്ള പ്രേരണ മനുഷ്യപ്രകൃതിയിൽ നിന്നുതന്നെ ഉത്ഭവിക്കുന്നു. ഒരജ്ഞാതശക്തി എന്നു പറയവുന്ന ഇതരപ്രേരണകൾപോലെ, നാം അതിനെ ഭരിക്കുന്നതിലധികമായി അതു നമ്മെ ഭരിക്കുന്നു എന്നു പറയാം. മനുഷ്യകരങ്ങൾ ശക്തിഹീനങ്ങളായിത്തീരുമ്പോൾ, മുകളിൽനിന്നു ശക്തിമത്തായ ഒരു കരത്തിൻെറ സഹായത്തെ തേടുകയാകുന്നു പ്രാർത്ഥനമൂലം ചെയ്യുന്നതു്. ദൈവമില്ലെന്നു കൊട്ടിഘോഷിച്ചിരുന്നവരിൽ പലരും കപ്പൽനാശത്തിലോ അഗ്നിബാധയിലോ കഠിനരോഗത്തിലോ ഉൾപ്പെട്ടപ്പോൾ അവരറിയാതെ ദൈവസഹായം അപേക്ഷിക്കുന്നു. "പ്രാർത്ഥിക്കുന്നതെങ്ങിനെ എന്നറിവാനാഗ്രഹിക്കുന്നവൻ കടലിലേക്കു പോകട്ടെ" എന്നുള്ള പഴഞ്ചൊല്ല എത്രയോ വാസ്തവമായിരിക്കുന്നു! സുഭിക്ഷകാലങ്ങളിലും ലൌകികാശകളാൽ മദോന്മത്തന്മാരായിത്തീന്ന അവസരങ്ങളിലും അജ്ഞതയിലും മാത്രമേ മനുഷ്യർ ദൈവമില്ല എന്നു വിചാരിക്കാൻ തുനിഞ്ഞിട്ടുള്ളു. വെള്ളത്തിലൊ തീയിലൊ ഇടിയിലോ പെരുങ്കാററിലൊ മാറാപത്തനർത്ഥങ്ങളിലൊ അകപ്പെടുമ്പോൾ പ്രാർത്ഥന ഒരു വെളിപാടുപോലെ അവർക്കു പ്രത്യക്ഷമാകുന്നു. ഏവംവിധങ്ങളായ വിഷമഘട്ടങ്ങളിൽ ആത്മാവു അനേകനാളന്വേഷിച്ചിട്ടു കണ്ടെത്താതിരുന്ന ഒരു സാധനംപോലെ ദൈവത്തെ വിചാരിക്കുന്നു. ഒരു നിരീശ്വരവാദി എതെങ്കിലും അപ്രതീക്ഷിതമായ ആപത്തിൽ അകപ്പെടുന്നതായാൽ അവൻെറ ബുദ്ധി തെളിഞ്ഞു് അവൻ ഈശ്വരവാദിയായിത്തീരുമെന്നതിനു തർക്കമില്ല. തത്വവും രൂപവും (Fact and Fancy) ഒന്നാണെന്നു പഠിപ്പിപ്പാൻ ധൈര്യപ്പെട്ട ഫിറൊ എന്ന തത്വശാസ്ത്രജ്ഞൻ ഒരു സ്ഥലത്തുകൂടി കടന്നുപോകുമ്പോൾ എവിടെനിന്നോ ഒരു പേനായ് അയാളുടെ നേരെ ഓടി എത്തി. ഫിറോയുടെ തത്വമൊക്കെ പടി കടന്നു. പിന്തിരിഞ്ഞോട്ടമായി. ഉത്തരക്ഷണത്തിൽ അയാളുടെ സാധാരണ ബുദ്ധി തെളിഞ്ഞു. തൻെറ അബദ്ധ ഉപദേശത്തിനു പരസ്യക്ഷമാപണം ചെയ്തു. "പ്രകൃതിയെ വെടിയാൻ നിവൃത്തിയില്ലെന്നു" സമ്മതിച്ചു. ഇതുപോലെ തന്നെ വേറൊരു നിരീശ്വരവാദി മരണവേദന സഹിക്ക വഹിയാഞ്ഞിട്ടു് "ഓ ദൈവമേ! ദൈവമെന്നൊന്നുണ്ടെങ്കിൽ എന്നെ രക്ഷിക്കണമെ" എന്നു നിലവിളിച്ചതും പലർക്കും അറിയാവുന്ന ഒരു വസ്തുതയാണെല്ലൊ.

ഇപ്രകാരം പ്രാർത്ഥനയുടെ അത്രുപിപ്രകൃതിദത്തമാണെങ്കിൽ അതിൽ എന്തെല്ലാമുൾപ്പെടും? എന്നൊരു ചോദ്യത്തിനവകാശമുണ്ടു്. വ്യാപ്യമായ അർത്ഥത്തിൽ പറഞ്ഞാൽ മതത്തിൻെറ സകല ചടങ്ങുകളും അഥവാ ദൈവത്തിങ്കലേക്കു ഹൃദയത്തെ ഉയർത്തുന്നതിനു എന്തൊക്കെ പര്യാപ്തമാകുന്നൊ അവയെല്ലാം പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു. ധ്യാനവും നമസ്കാരവും പ്രാർത്ഥനയുടെ വകഭേദങ്ങളാണു്. ഇതു

പോലെതന്നെ അദ്ധ്യാത്മിക കാൎയ്യങ്ങളെപ്പററിയുള്ള ചിന്തയും ദിവ്യപുസ്തകപാരായണവും ദൈവത്തോടുള്ള അഭ്യർത്ഥനയും പ്രാൎത്ഥനയിൽ ഉൾപ്പെടും. ദൈവസ്നേഹത്തിൽ വൎദ്ധിക്കുന്നതിനുപകരിക്കുന്നതായ സകലത്തേയും പ്രാർത്ഥനയിൽ ഉൾപ്പെടുത്താം.

കുറേക്കൂടി പരിമിതമായ അൎത്ഥത്തിൽ ദൈവത്തെ നേരിട്ടു ആരാധനമൂലമോ, കൃതജ്ഞതാപ്രകടനം മുഖാന്തിരമോ, അപേക്ഷ വഴിയായിട്ടോ സംബോധന ചെയ്യുന്നതാകുന്നു പ്രാർത്ഥന. ഏററവും ഹ്റസ്വമായ അർത്ഥത്തിൽ ഈ ഒടുവിൽ പറഞ്ഞതു മാത്രമേ ഉൾപ്പെടുത്തുന്നുള്ളു. അതായതു് പ്രാൎത്ഥന എന്ന നാമത്തെ പൊതുവിൽ കരസ്ഥമാക്കിയിരിക്കുന്നതായ അപേക്ഷ- നമ്മുടെ ആവശ്യങ്ങളെ ദൈവത്തോടുണൎത്തിക്കുകയാകുന്നു.

ഏതു രൂപത്തിൽ നടത്തപ്പെട്ടാലും ജന്മസിദ്ധമെന്നു പറയത്തക്കവണ്ണം മനുഷ്യഹൃദയത്തോടു ഏററം അടുത്തതും എപ്പോഴും എല്ലാവൎക്കും കരഗതമായിരിക്കുന്നതുമായ ഒന്നാകുന്നു പ്രാൎത്ഥന. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ നമ്മുടെ ജീവിതത്തോടു വേർതിരിപ്പാൻ പാടില്ലാത്തവണ്ണം സംഘടിക്കപ്പെട്ടിരിക്കുന്ന ഒരാത്മീയശക്തിയാകുന്നു അതു്.

പ്രാൎത്ഥന കൂടാതെ ഒരുവൻ ജീവിക്കുക എന്നതു കേവലം അസാദ്ധ്യമാണു്. അവനതിനു സമ്മതമില്ലെങ്കിലും അവൻെറ പ്രകൃതി ഏതുപ്രകാരത്തിലെങ്കിലും ദൈവസഹായത്തെ അൎത്ഥിക്കാതിരിക്കുകയില്ലെന്നുള്ളതു കണിശം. “കൎത്താവേ, നിന്നെപ്പോലെ ആരാണുള്ളതു് എന്നു എൻെറ അസ്ഥികൾ പറയും” എന്നു് സങ്കീൎത്തനക്കാരൻ പറയുന്നതിൻെറയും കാരണം ഇതുതന്നെയാണു്.

കാപ്പിൽ കുറിയാക്കോസു ശമ്മാശു
പി. എച്ച്. ഡി. റോമ്മാ.

## പത്താംപീയൂസ് മാപ്പാപ്പായുടെ അത്ഭുതപ്രവൎത്തനം.

II.

കഴിഞ്ഞ പ്രാവശ്യം നാം കണ്ടതിനെ അപേക്ഷിച്ച് വളരെ പ്രാധാന്യമേറിയതും പ്രത്യേകം പ്രസ്താവയോഗ്യവുമായ ഒരു സംഭവമാണ് ഫ്ലോറൻസിലുള്ള ഒരു കന്യകാമഠത്തിലെ രണ്ടു കന്യാസ്ത്രീകൾക്കു സിദ്ധിച്ച അത്ഭുതകരമായ സുഖപ്രാപ്തി. വളരെ നാളായി ഒരു വലിയ സുഖക്കേട്ടിൽ ഉൾപ്പെട്ടിരുന്നവരായിരുന്നു ഇവർ രണ്ടാളുകളും. ആരംഭത്തിൽ അത്ര അപായകരമായി തോന്നിയിരുന്നില്ലെങ്കിലും ക്രമേണ അതു് ഒരു ‘മാറാവ്യാധി’ എന്നോണം ആയിത്തീൎന്നു. രോഗശമനത്തിനായി വിദഗ്ദ്ധന്മാരായ പല ഡോക്ടൎമാരും ഉററുശ്രമിക്കാതിരുന്നില്ല. പക്ഷേ അവരുടെ ശ്രമമെല്ലാം കേവലം നിഷ്പ്രയോജനമായി



ഭവിക്കമാത്രമേ ചെയ്തുള്ളു. സുഖക്കേടു ഒന്നിനൊന്നു വൎദ്ധിച്ചുതന്നെ വന്നെന്നു മാത്രമല്ല ഭിഷഗ്വരന്മാരുടെ അഭിപ്രായത്തിൽ ദീനശാന്തി അസാദ്ധ്യമായിട്ടും കാണപ്പെട്ടു. എല്ലാവൎക്കും വളരെ കുണ്ഠിതവും നിരാശയുമായി.

എന്നാൽ ഈ അവസരത്തിൽ ഇവൎക്കു ആശാജനകമായ ഒരു വിചാരം താനെതോന്നി. അതു മററൊന്നുമല്ലായിരുന്നു; മററൊരാശക്കും വകയില്ലാതെ ലൗകികവൈദ്യന്മാരാൽ പരിത്യക്തരായ ഇവൎക്കു “പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു പല രോഗികളേയും അത്ഭുതമായി സുഖമാക്കുന്നു” എന്നു കേട്ടതിനാൽ അവസാനമായി ആ പൂജ്യപാദൻെറ അടുക്കൽക്കൂടി ഒന്നു പൊയ്ക്കളയാമെന്നുള്ള ആശയാ

ണ് അങ്കുരിച്ചതു്. ഇതനുസരിച്ചു് ഒട്ടധികം യാത്രാക്ലേശങ്ങളുടെശേഷം ഇവർ റോമാനഗരത്തിൽ ചെന്നുചേൎന്നു. യാത്രയിൽ ഇവരെ കണ്ടുമുട്ടുന്നതിനിടയായവൎക്കെല്ലാം ഒരുപോലെ ഇവരുടെനേൎക്കു ആൎദ്രതയും സഹതാപവും തോന്നിയിരുന്നു. പരിശുദ്ധപിതാവിനെ തനിച്ചു കാണുന്നതിനുള്ള സൗകൎയ്യവും അനുമതിയും ലഭിച്ചതിനാൽ ഇവൎക്കു പ്രത്യേക സന്ദൎശനം നൽകപ്പെട്ടു.

അവർ തിരുമേനിയുടെ പൂജ്യപാദത്തിങ്കൽ ഭക്തിപുരസ്സരം മുട്ടുകുത്തികൊണ്ടു തങ്ങളെ സൌഖ്യമാക്കണമെന്നു സംതൃഷ്ണം അഭ്യൎത്ഥിച്ചു. അവിടുന്നു ഇതു കേട്ടുകൊണ്ടു് സസ്മിതം അവരോടിപ്രകാരം അരുളിച്ചെയ്തു. "നിങ്ങൾ സൗഖ്യം പ്രാപിക്കണമെന്നാഗ്രഹിക്കുന്നതെന്തിനായിട്ടാണു?" ഇതുവരെ മ്ലാനമയവും വിഷാദദൂഷിതങ്ങളുമായി കാണപ്പെട്ടിരുന്ന ഇവരുടെ മുഖകമലങ്ങൾ പ്രഭാതസൂൎയ്യന്റെ പ്രശാന്തകിരണസ്പൎശനത്താൽ എന്നോണം തൽക്ഷണം ഉല്ലോലം പ്രസ്ഫുടിതങ്ങളും ഹാസഭാസുരങ്ങളുമായി കാണപ്പെട്ടു. "ദൈവത്തിന്റെ മഹത്വത്തിനായി വേല ചെയ്യുന്നതിനായിട്ടത്രേ" എന്നു സതീഷ്ണം അവർ ഉത്തരംപറഞ്ഞു. ഇപ്രകാരമുള്ള ഒരു മറുപടിയാൽ സംപ്രീണനായിത്തീൎന്ന പരിശുദ്ധ പിതാവു തന്റെ അതീവസന്തോഷത്തെ ഒരു മന്ദഹാസംകൊണ്ടുമാത്രം പ്രകാശിപ്പിച്ചശേഷം അവിടുത്തെ പരിപൂതമായ പാണിദ്വയത്തെ അവരുടെ ശിരസ്സിൽവച്ചു് സകരുണം അവരെ അനുഗ്രഹിച്ചു. അനന്തരം "നല്ല വിശ്വാസമുണ്ടായിരിക്കുക. സൗഖ്യം പ്രാപിക്കും. ദൈവസ്തുതിക്കായി വളരെ അധികം നിങ്ങൾ ചെയ്യും" എന്നുള്ള മധുരതരവും കരുണാമസൃണങ്ങളുമായ അമൃതമൊഴികളും അവിടുത്തെ അധരപുടങ്ങളിൽനിന്നു അനൎഗ്ഗളമായി നിൎഗ്ഗമിച്ചു.

വിസ്മയം! തൽക്ഷണത്തിൽ അവർ പൂൎണ്ണ സ്വസ്ഥരായിത്തീൎന്നു. തങ്ങൾക്കു ലഭിച്ച ഈ അസ്സാധാരണ ഭാഗ്യത്തിൽ എന്തുചെയ്യേണ്ടു എന്നു അവർ അറിഞ്ഞിരുന്നില്ല. ഇതേപ്പറ്റി ഒരുത്തരോടും പറയരുതെന്നു വന്ദ്യ തിരുമേനി കൎശനമായി അവരോടു ആജ്ഞാപിച്ചു. നടക്കുന്നതിനു അശ്ശേഷം വഹിയാതെയും ശക്തി നിശ്ശേഷം ക്ഷയിച്ചും മൃതപ്രായരായി തന്റെ അടുക്കൽ വന്നെത്തിയ സഹോദരിമാർ ഇപ്പോൾ ഇതാ നല്ല കായബലമുള്ളവരും ഉന്മേഷചിത്തകളും പൂൎണ്ണസ്വസ്ഥരുമായി തിരികെപ്പോകുന്നു. ഇവരെ കണ്ടവരൊക്കെയും ഈ അത്ഭുതസംഭവത്തിൽ ഇവരോടൊത്തു സന്തോഷിച്ചു. എന്നാൽ ഇവരുടെ വണ്ടിക്കാരനുമായുണ്ടായ വാഗ്വാദമല്ലേ രസാവഹം! ഇവർ വണ്ടിയിൽ കയറുന്നതിനു ചെല്ലുകയിൽ,

വണ്ടിക്കാരൻ— സാധിക്കയില്ല. ഞാൻ കൊണ്ടുവന്ന ആളുകളെ അല്ലാതെ എനിക്കു കൊണ്ടുപോകാൻ തരമില്ല.

കന്യാസ്ത്രീകൾ— അവർ ഞങ്ങൾ തന്നെയാണു്.

വണ്ടി— ഒരിക്കലുമല്ല. എനിക്കു നല്ല നിശ്ചയമുണ്ടു്.

കന്യാ— സ്നേഹിതാ! താൻ ഒട്ടും ശങ്കിക്കേണ്ട. ഞങ്ങളെത്തന്നെയാണു് താൻ കൊണ്ടുവന്നതു്.

വണ്ടി— വൃഥാ എന്തിനാണു ശാഠ്യംപിടിക്കുന്നതു്? എനിക്കു നല്ല ഓൎമ്മയുണ്ടു്. ഞാൻ കൊണ്ടുവന്ന രണ്ടാളുകളും ആസന്നമരണാവസ്ഥയിൽ എത്തിയവരായിരുന്നു. എന്നാൽ നിങ്ങളാകട്ടെ പൂൎണ്ണസൗഖ്യമുള്ളവർ.

ഇപ്രകാരമുള്ള ഇവരുടെ വാഗ്വാദം എങ്ങിനെ അവസാനിച്ചു എന്നുള്ളതു ഇന്നും അജ്ഞാതമായിട്ടാണിരിക്കുന്നതു. വണ്ടിക്കാരൻ അസാമാന്യ മൎക്കടമുഷ്ടിക്കാരനായിരുന്നതിനാലും ഇവൎക്കു പൂൎണ്ണസൗഖ്യം ലഭിച്ചിരുന്നതിനാലും മിക്കവാറും കാൽനടയായിത്തന്നെ ഇവർ പോയിരിക്കണമെന്നു ഊഹിക്കേണ്ടിയിരിക്കുന്നു

റവ. തോമസ് പ്ലാക്കാട്ടു്.

# കൎമ്മലനാഥയുടെ
# കുഞ്ഞുമക്കൾക്കു്.

## ഉപകാരസ്മരണ.

പ്രിയകുഞ്ഞുങ്ങളേ!

എന്തെന്നില്ലാത്ത ഒരു തൃപ്തിയോടും സന്തോഷകണ്ണുനീരോടുംകൂടെയാണ ഇത്തവണത്തേ ഈ എഴുത്തു ഞാൻ തുടങ്ങുന്നതു്. കൎമ്മലകുസുമം മുടങ്ങാതെ വായിക്കുന്നവരായി ഇത്ര വളരെ കുഞ്ഞുമക്കൾ നമ്മുടെ നാട്ടിൽ കൎമ്മലനാഥയ്ക്കുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഡോമ്നിക്കുസാവ്യോയുടെ പടങ്ങൾ ആയിരത്തോളം എൻ്റെ പക്കൽ വന്നുചേൎന്നതാണ്. ഒരാഴ്ചക്കുമുമ്പായി അതെല്ലാം തീൎന്നുപോയി. എഴുത്തുകൾ പിന്നെയും വന്നുകൊണ്ടിരുന്നു. ഇത്ര നല്ല കുഞ്ഞുങ്ങളെ എങ്ങിനെ ഇഛാഭംഗപ്പെടുത്തുമെന്നുള്ള മനസ്താപത്തോടേ കയ്യിലുണ്ടായിരുന്ന മറ്റോരോ തരം പടങ്ങളും ജപകടലാസുകളും അയച്ചുകൊടുത്തു. കടശി സാവ്യോയുടെ കുറേ രൂപങ്ങൾ ഇവിടെത്തന്നെ അടിപ്പിച്ചും അയച്ചുകൊടുക്കാൻ തുടങ്ങി. ഇന്നത്തെ അഞ്ചലിൽ വന്നുചേൎന്ന എഴുത്തുകൾക്കും രൂപം അയച്ചിട്ടുണ്ടു്. ഒന്നും കൊടുക്കാതെ ആരേയും ഉപേക്ഷിക്കാൻ ഇടവന്നിട്ടില്ലെന്നുള്ളതു് എനിക്കു വലിയൊരാശ്വാസം തന്നെ.



എന്നാൽ അതുകളുടെ എണ്ണത്തേക്കാളധികം ആശ്വാസം എനിക്കു തന്നതു് എൻ്റെ കുഞ്ഞുങ്ങളുടെ മധുരതരമായ നിഷ്കളങ്ക വചനങ്ങളാണ്. ഹാ! എത്ര ഹൃദയംഗമങ്ങളായ എഴുത്തുകൾ! എത്രയോ കളങ്കരഹിതമായ വാക്കുകൾ!! ആന്ദനപാരവശ്യത്തോടെ അതുകളെല്ലാം ഞാൻ വായിച്ചു. നമ്മുടെ പരിശുദ്ധ അമ്മയ്ക്കു സമൎപ്പിക്കാനുള്ള വിലയേറിയ ഒരു സ്വൎണ്ണമാല പോലെ അതുകളെല്ലാം ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ടു്. നിങ്ങൾ ഓരോരുത്തൻ്റെയും ഹൃദയത്തിൻ്റെ ഏകദേശഛായ അതിൽ ഞാൻ കണ്ടു. ചിലതു കൎമ്മലനാഥയോടു വളരെ സമീപിച്ചിരിക്കുന്നതുണ്ടു്; ചിലതു ഇനിയും അടുത്തുവരേണ്ടതായിട്ടാണിരിക്കുന്നതു്. കൃതജ്ഞതയും സ്നേഹബഹുമാനങ്ങളും ചിലതിൽ കവിഞ്ഞൊഴുകുന്നു; ചിലതിൽ അവ തുലോം മന്ദമായിട്ടാണിരിക്കുന്നതു്. നല്ലകുഞ്ഞുങ്ങളായിത്തീരുന്നതിനുള്ള ആഗ്രഹം ചില ഹൃദയങ്ങളിൽ ശക്തിയായിട്ടു കാണാം; ചിലതിൽ അതിലേക്കുള്ള ചാച്ചിൽ അത്ര പ്രബലമായിട്ടില്ല. ഏതായാലും എല്ലാവരും കൎമ്മലനാഥയുടെ കുഞ്ഞുമക്കൾ തന്നേ. നിൎവ്യാജമായി ആ അമ്മയെ നിങ്ങൾ സ്നേഹിക്കയും, അമ്മയ്ക്കു പ്രിയപ്പെട്ടവരായി ജീവിക്കാൻ ശ്രമിക്കയും ചെയ്തുകൊണ്ടാൽ എല്ലാവരും നല്ല ഒരു നിലയിലാകുന്നതിനു നമ്മുടെ മാതാവു സഹായിക്കും. നല്ലവായനയിൽ നിങ്ങൾ കുറേക്കൂടെ ശ്രദ്ധിക്കണം. നമ്മുടെ ആത്മാവു് അതുവഴിയായി പ്രതിദിവസം പുഷ്ടിപ്രാപിച്ചു വരേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ആത്മാവിനു കേടുവരുത്തത്തക്ക ആഭാസ സാഹിത്യങ്ങളേയെല്ലാം ഭയത്തോടെ നിങ്ങൾ വൎജ്ജിക്കണം. പച്ചവെള്ളമൊഴിച്ചാൽ ഒരു ചെടി തഴച്ചുവളരുന്നതും ചൂടുവെള്ളമൊഴിച്ചാൽ അതുണങ്ങിപ്പോകുന്നതും നിങ്ങൾ കണ്ടിട്ടില്ലേ? അതുതന്നേയാണ് ഈയിരുതരത്തിലുള്ള വായനകൾ കൊണ്ടു നിങ്ങളുടെ ആത്മാവിലുണ്ടാകുന്നഫലമെന്നും ഓൎമ്മയിലുണ്ടായിരുന്നാൽമതി.

"ദിവസംതോറും അച്ചനു വേണ്ടി ഞങ്ങൾഅപേക്ഷിച്ചുവരുന്നുണ്ടെന്നു"മിക്കവാറും എല്ലാ എഴുത്തുകളിലും തന്നേ

കാണ്മാനിടയായതു സാമാന്യ ഭാഗ്യമായിട്ടല്ല ഞാൻ കരുതുന്നതു്. ഇത്ര ധൈര്യമായി പറവാൻ സാധിച്ച ആ കുഞ്ഞുമക്കൾക്കെല്ലാം ഞാൻ ഹൃദയപൂർവ്വം ഉപകാരസ്മരണ ചെയ്യുകയും, മേലാലും അപ്രകാരം ചെയ്യുവരണമെന്നു് സ്നേഹസമേതം അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു. നിങ്ങളുടെ കൂട്ടം മേലും വർദ്ധിച്ചുവരുന്നതിനു് പ്രിയം നിറഞ്ഞ നമ്മുടെ അമ്മ കടാക്ഷിക്കട്ടെ. ദിവസേന എൻെറ കുർബാനയിൽ ഞാൻ നിങ്ങൾക്കുവേണ്ടി പ്രത്യേകം അപേക്ഷിച്ചുവരുന്നുണ്ടു്. ഇനി മുടങ്ങാതെ കാണ്മാൻ ശ്രമിച്ചുകൊള്ളാം.

എന്നു്

നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## തിരുഹൃദയഭക്തന്മാർ [illegible] വൃശ്ചികമാസത്തിൽ വെക്കേണ്ട പൊതുനിയോഗം

### കുട്ടികളുടെ ദിവ്യകാരുണ്യ കുരിശുയുദ്ധം.

പതിനൊന്നാം ശതാബ്ദത്തിൻെറ അന്തിമഘട്ടത്തിൽ ഫ്രാൻസുകാരനായ പത്രോസ് എന്നൊരു താപസശ്രേഷ്ഠൻ പലസ്തീനായിലെ തിരുസ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി പുറപ്പെട്ടു.* മാർ ശെമഓാൻ എന്ന ഓർശലം പാത്രിയർക്കീസുമായി അദ്ദേഹം കണ്ടു സംസാരിക്കയിൽ മഹമ്മദീയരിൽനിന്നു ഏതദ്ദേശീയ ക്രിസ്ത്യാനികൾ അനുഭവിച്ചുവന്ന അവർണ്ണനീയ കഷ്ടതകളെ അദ്ദേഹം ഗ്രഹിപ്പാനിടയായി. ഇതിനു എന്തെങ്കിലും പരിഹാരമുണ്ടാക്കുന്നതിനു ശ്രമിച്ചുകൊള്ളാമെന്നു് പാത്രിയർക്കീസിൻെറ അടുക്കൽ വാക്കുകൊടുത്തശേഷം വന്ദ്യനായ പത്രോസ് റോമ്മയിൽച്ചെന്നു രണ്ടാം ഉർബാനോസ് മാർപ്പാപ്പായെക്കണ്ടു് ഭയങ്കരമായ ഈ വിവരങ്ങൾ തിരുമനസ്സറിയിച്ചു. മാർപ്പാപ്പാ ഫ്രാൻസിൽ മെത്രാന്മാരുടെ ഒരു സൂനഹദോസ് കൂട്ടുന്നതിലേക്കു പുറപ്പെടാനിരിക്കയായിരുന്നു. സമ്മേളനത്തിൻെറ അന്ത്യത്തിൽ മർമ്മഭേദകമായ ഈ സംഗതി പരിശുദ്ധപിതാവു മെത്രാന്മാരുടെ പര്യാലോചനക്കു വിഷയീഭവിപ്പിക്കയും അവർ താന്താങ്ങളുടെ രൂപതകളിൽ ചെന്നു് പരിശുദ്ധ പിതാവിൻെറ സന്ദേശത്തെ എല്ലാവരേയും അറിയിക്കയും, തദനുസരണം യൂറോപ്പിലെ ക്രിസ്തീയ രാജാക്കന്മാരെല്ലാം മതവൈരാഗ്യം നിറഞ്ഞു്, മഹമ്മദീയരിൽ നിന്നു തിരുസ്ഥലങ്ങളെ തിരിച്ചെടുക്കുന്നതിനായി യുദ്ധസന്നാഹത്തോടെ പുറപ്പെടുകയും ചെയ്തു. അടുത്ത രണ്ടുമൂന്നു നൂറാണ്ടുകളിലായി ഈ ഉദ്ദേശസാദ്ധ്യത്തിനായി അനേക ഭയങ്കരയുദ്ധങ്ങൾ നടക്കുകയുണ്ടായി. ഈ യുദ്ധങ്ങളേയാണു് 'കുരിശുയുദ്ധം' എന്നു സഭാചരിത്രം നാമകരണം ചെയ്യുന്നതു്.



പരിശുദ്ധപിതാവു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഇപ്പോൾ പ്രഖ്യാപനംചെയ്യുന്നതു ആദ്ധ്യാത്മികമായ വേറൊരുതരം കുരിശുയുദ്ധമാണ്. ലോകത്തെ അതിൻെറ ദയനീയമായ അധഃപതനാവസ്ഥയിൽ നിന്നു പുനരുദ്ധരിക്കുന്നതിനു വേണ്ടി നാനാതരത്തിലുള്ള മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നകൂട്ടത്തിൽ കത്തോലിക്കലോകത്തിലേ കുട്ടികളേ ഒരു കുരിശുയുദ്ധത്തിനായി അവിടുന്നു ക്ഷണിയ്ക്കുന്നു. "കുട്ടിക

ൽ എന്റെ പക്കലേക്കു വരുന്നതിനനുവദിക്കുവിൻ,, എന്നു അരുളിച്ചെയ്തിട്ടുള്ള ദിവ്യരക്ഷകന്റെ സന്നിധിയിൽ ഈ ബാലസൈന്യത്തിനുള്ള ശക്തി അന്യാദൃശമാണ്. ആകയാൽ വിമലഹൃദത്തോടുകൂടെ ഇവർ കൂടെക്കൂടെ ദിവ്യകാരുണ്യ സ്വീകരണം വഴിയായി സ്വർഗ്ഗീയരാജന്റെ സന്നിധിയിൽ അണഞ്ഞ് ലോകത്തിന്റെ പുനരുദ്ധാരണത്തിനായി പ്രാർത്ഥിച്ചാൽ അചിരേണ അതു സാദ്ധ്യമാകും എന്നു പരിശുദ്ധ പിതാവു പ്രതീക്ഷിക്കുന്നു. ആംസ്റ്റർഡാമിലെ ദിവ്യകാരുണ്യ മഹാസഭയ്ക്ക് ഇരുപത്തയ്യായിരം കുട്ടികൾ വിശുദ്ധകുർബാന ഉൾക്കൊള്ളുകയുണ്ടായി. അമേരിക്കായിലെ ചിക്കാഗോ ദിവ്യകാരുണ്യ സഭയ്ക്കു ഒരുലക്ഷം കുട്ടികളേ കുർബാന കൈക്കൊള്ളിക്കുന്നതിനാണ് ഒരുക്കം ചെയ്തു വരുന്നത്. ഇപ്രകാരം നാനാഭാഗങ്ങളിലും മാർപ്പാപ്പായുടെ നിയോഗാനുസരണം പരിശ്രമിക്കുന്ന പക്ഷം ഈ കുരിശുയുദ്ധംകൊണ്ടു ബാലഹൃദയങ്ങളിൽ പിശാചിന്റെ വാഴ്ച അധഃപതിക്കുന്നതിനും, മ്ശിഹായുടെ രാജ്യഭരണം പ്രബലപ്പെടുന്നതിനും, തദ്വാരാ കുടുംബങ്ങളും സമുദായങ്ങളും നവീകരിക്കപ്പെടുന്നതിനും, അപ്രകാരം ഭൂമുഖത്തിന്റെ ഭായാനകമായ ആധുനികാവസ്ഥയ്ക്കു ക്രമേണ അന്തരം ഭവിക്കുന്നതിനും ഇടയാകുന്നതാണ്. തിരുഹൃദയഭക്തന്മാർ ഇതിലേയ്ക്കു ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാർത്ഥിപ്പാറാകണം.

ധനുമാസം:- "പരിശുദ്ധ ആളുകളേ ലോകത്തിനു നല്കുന്നതിനു പ്രാർത്ഥിക്ക".

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### ൧. റസ്സൽമത നിരൂപണം.

സെൻറുതോമസ് പെററിസെമ്മിനാരി

കോട്ടയം, വില 1. അണ.

റസ്സൽമതക്കാർ കോട്ടയം കോൺഫറൻസിൽ ചോദിച്ചിരുന്ന നാല്പത്തേഴു ചോദ്യങ്ങൾക്കു റവ. ഫാദർ ജെയിംസ് കാളാച്ചേരി അവർകൾ പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ മറുപടി അകത്തോലിക്കരുടെ ഇടയിൽ ധാരാളമായി പ്രചരിപ്പിക്കുന്നതിനു കത്തോലിക്കരെവരും ശ്രമിക്കേണ്ടതാണ്. വിലയ്ക്കുവാങ്ങി സൌജന്യമായി വിതരണം ചെയ്തോ അല്ലെങ്കിൽ അതിനുള്ള പണം കോൺഫറൻസ് സെക്രട്ടറിയുടെ പേർക്കു അയച്ചുകൊടുത്തോ ഈ ഉദ്യമത്തിൽ തൽപ്രവർത്തകന്മാരെ പ്രോത്സാഹിപ്പിക്കുന്നതു വലിയൊരു പ്രേഷകവൃത്തിയായിരിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനു അവകാശമില്ല.

### ൨. ജോസ് സാത്തോ.

കൊൺവേർഷ്യൻ ലീഗ് പുത്തൻപള്ളി,

വരാപ്പുഴ. വില 2. അണ.

ലീഗു പ്രസിദ്ധീകരണം 32-ാം 33-ാം നമ്പരുകളായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ചെറുപുസ്തകം പുണ്യശ്ലോകനായ പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഒരു ജീവചരിത്രസംക്ഷേപമാണ്. അചിരേണ ഇതു് ഒരു പുണ്യവാന്റെ ചരിത്രമായിത്തീരാനുള്ളതാകയാലും, ദരിദ്രാവസ്ഥയിൽ ജാതനായ ഒരുവൻ പത്രോസിന്റെ സിംഹാസനം വരെയും കടശി പരിശുദ്ധന്മാരുടെ പവിത്രപീഠത്തിലോളവും എത്താൻ സാധിച്ചിട്ടുള്ളതു് എപ്രകാരമെന്നു ഇതിൽ വിവരിച്ചിട്ടുള്ളതിനാലും ഇതു ഏറ്റവും രസജനകവും പ്രയോജനകരവുമായ ഒരു പാരായണവിഷയമായിരിക്കും. തിരുമനസ്സിലെ ഒരു ഛായാപടവും ഇതിൽ ചേർത്തിട്ടുണ്ട്.

### ൩. വിദ്യാർത്ഥിഭൂഷണം.

സന്മാർഗ്ഗ ഗ്രന്ഥാവലി പ്രസിദ്ധീകരണസംഘം

ചങ്ങനാശ്ശേരി.

കേരളീയ കത്തോലിക്കരുടെ ഇടയിൽ ഗ്രന്ഥാവലി പ്രസ്ഥാനത്തിനു പ്രചുരപ്രചാരം സിദ്ധിച്ചു കാണുന്നതിൽ ഞങ്ങൾ നിർവ്യാജമായി സന്തോഷിക്കുന്നു. സ

ന്മാൎഗ്ഗ ഗ്രന്ഥാവലിയുടെ ഒന്നാമത്തെ ഈ പുസ്തകത്തിൽ ഇക്കാലത്തെ വിദ്യാൎത്ഥിലോകത്തിന്റെ ഹൃദയാന്തൎഭാഗത്തു ആഴമായി പതിയേണ്ട സാരാംശങ്ങളായ പലതത്വങ്ങൾ അടങ്ങിയിട്ടുണ്ടു്. ജാതിമതഭേദംകൂടാതെ ആൎക്കും നിൎവിശങ്കം ഉപയോഗിക്കാവുന്ന ഈതരം പുസ്തകങ്ങൾക്കാണു പാഠ്യപുസ്തകശേഖരത്തിൽ എപ്പോഴും എവിടെയും സ്ഥലം കൊടുക്കേണ്ടതു്. മലയാളപണ്ഡിതർ കെ. ശങ്കരപ്പിള്ള ബി. ഏ. അവർകളുടെ പ്രസാധകത്വത്തിൽ "ഗുരുഭൃത്യൻ" ആരംഭിച്ചിട്ടുള്ള ഈ ഉദ്യമത്തിനു ഞങ്ങൾ സൎവ്വവിജയവും ആശംസിച്ചുകൊള്ളുന്നു.

## വൎത്തമാനസംഗ്രഹം.

### കേരളം.

ബോംബയിൽനിന്നു ബാംഗളൂർ എത്തിത്താമസിക്കുന്ന വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു പാലിയവസ്ത്രദാനം പ്രമാണിച്ചു് നവംബർ 15-ാംതീയതി എറണാകുളത്തെത്തുന്നതാണെന്നു എറണാകുളം മെത്രാപ്പോലീത്താച്ചനെ അറിയിച്ചിരിക്കുന്നു.

ആററിങ്ങൽ പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ എം. എം. ഫിലിപ്പ് ബി. എ. യെ ഏതാനും മഹമ്മദീയർകൂടി ഒക്ടോബർ ൧൭-ാംനു- ഭയങ്കരമായവിധം കൊലപ്പെടുത്തിയിരിക്കുന്നു. തിരുവല്ലാസ്വദേശിയും ആംഗ്ലിക്കൻസഭാംഗവുമായ ഇദ്ദേഹത്തിനു ൩൪ വയസ്സു പ്രായമായിരുന്നു.

ഡോക്ടർ പി. ജെ. തോമസ് കഴിഞ്ഞമാസത്തിൽ തന്റെ പൂൎവ്വവിദ്യാലയമായ മാന്നാനം ഹൈസ്കൂൾ സന്ദൎശിച്ചയവസരത്തിൽ 'യൂറോപ്പിലെ വിദ്യാസസമ്പ്രദായം' എന്ന വിഷയത്തെപ്പററി ഒരു പ്രസംഗംചെയ്തിരിക്കുന്നു.

എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു തിരുവനന്തപുരത്തെത്തി റീജൻറു റാണിയേയും മഹാരാജാവു തിരുമേനിയേയുംമുഖംകാണിച്ചിരിക്കുന്നു.

തിരുവിതാംകൂറിൽ ഒരു ശീമക്കാരനെ അഡ്മിനിസ്ത്രേയിററരായി നിയമിക്കുന്നതിലേക്കു പൊളിററിക്കൽ ഏജൻറു എഴുത്തുകുത്തുകൾ നടത്തിവരുന്നതായിക്കാണുന്നു.

കൊച്ചി ഗവൎമ്മെൻറുവകയായി ഒരു ഒന്നാംഗ്രേഡ് കോളജ്ജു വേണമോ എന്നും, വേണമെങ്കിൽ എവിടെയാണു് സ്ഥാപിക്കേണ്ടതെന്നും ആലോചിച്ചു റിപ്പോർട്ടുചെയ്യുന്നതിനായി ഗവൎമ്മെൻറിൽ നിന്നും ഒരു കമ്മിററി ഏൎപ്പെടുത്തിയിരിക്കുന്നു.

റോമയിൽനിന്നു് സെപ്റ്റംബർ 24-ാംനു- മലയാളത്തുതിരിച്ചെത്തിയിരിക്കുന്ന കടവിൽ ബ. കൊച്ചുമാത്തച്ചൻ അവർകൾ വി. ത്രേസ്യാപുണ്യവതിയുടെതിരുനാൾദിവസം മാന്നാനത്തെത്തി വി. യൗസേപ്പുപിതാവിന്റെ പീഠത്തിൽ പൂജ അൎപ്പിച്ചിരിക്കുന്നു.

### ഇൻഡ്യ.

വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഒക്ടോബർ 2ാംനു-ബോംബയിലെത്തുകയും അവിടെനിന്നു ബാംഗളൂരിലേക്കുപോകയും ചെയ്തിരിക്കുന്നു.

തൃശ്ശിനാപ്പള്ളി മെത്രാനച്ചൻ തിരുമനസ്സിലെ സന്യാസ സഭാപ്രവേശനത്തിന്റെ സ്വൎണ്ണജൂബിലി കഴിഞ്ഞമാസത്തിൽ കൊണ്ടാടിയിരിക്കുന്നു.

ജൂബിലിവത്സരം പ്രമാണിച്ചു ഇൻഡ്യയിൽ നിന്നു ഒരു തീൎത്ഥയാത്രാസംഘംരൂപവൽക്കരിക്കുന്നതിനു ബോംബേ കത്തോലിക്കാ ക്ഷേമസംഘത്തിൽ നിന്നു ആലോചിച്ചുവരുന്നു. ഏപ്രിൽ മാസത്തിൽ ബോംബയിൽ നിന്നു പുറപ്പെട്ടു റോമാ ലൂർദ് എന്ന തിരുസ്ഥലങ്ങൾ സന്ദൎശിച്ചശേഷം മേമാസത്തിൽതിരികെ ഇവിടെ എത്തത്തക്കവണ്ണമാണ് ഉദ്ദേശം. ആളൊന്നുക്കു രണ്ടായിരംരൂപായിൽ കുറയാതെ കപ്പൽക്കൂലി വരുമെന്നു കാണുന്നു.

ഹിന്തുക്കളും മഹമ്മദീയരും തമ്മിൽ സാമാധാനത്തിൽ വൎത്തിക്കുന്നതിനുള്ള മ

ഹാത്മാഗാന്ധിയുടെ 21 ദിവസത്തെ നിരാഹാരവ്രതം ഒക്ടോബർ 7-ാംനു-കൊണ്ടു് അവസാനിച്ചിരിക്കുന്നു. ക്രിസ്ത്യാനി ഹിന്തു മഹമ്മദീയ പ്രാർത്ഥനകളുടെ ശേഷമാണു ഉപവാസം ഭഞ്ജിച്ചതു.

അദ്ദേഹത്തിന്നു സുഖക്കേടു വിശേഷിച്ചൊന്നും പറവാനില്ല. ഏതാനും ദിവസങ്ങൾക്കകം എഴുന്നേററു നടക്കാറാകുമെന്നു കാണുന്നു.

## ഇംഗ്ലണ്ടു്.

പ്രംസിസ്കോസു സഭക്കാർ ഇംഗ്ലണ്ടിൽ പ്രവേശിച്ചതിന്റെ ഏഴാം ശതവത്സരാഘോഷം ഇക്കഴിഞ്ഞ മാസത്തിൽ കൊണ്ടാടിയ അവസരത്തിൽ ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സുകൊണ്ടു അവൎക്കു ഒരു അനുമോദനക്കമ്പി അയച്ചിരുന്നതായി കാണുന്നു.

പരിശുദ്ധപിതാവു തിരുമനസ്സിലേക്കു സപ്തരാജ്യസഖ്യത്തിൽ ഒരു സ്ഥാനം കൊടുക്കുന്നതിനു പാർമൂർപ്രഭു ശ്രമിച്ചുവരുന്നു. ഇദ്ദേഹം കാന്റർബറി പ്രോട്ടസ്റ്റന്റു മെത്രാപ്പോലീത്തായുടെ വികാരിജനറാളായിരുന്നിട്ടുള്ള ആളാണു്.

തൊഴിലാളിഗവണ്മെണ്ടിനു നേരിട്ട പരാജയത്താൽ ഒക്ടോബർ ൯-ാംനു- ചക്രവൎത്തി തിരുമനസ്സുകൊണ്ടു പാർലിമെന്റു പിരിച്ചുവിട്ടിരിക്കുന്നു. ൨൯-ാംനു- പുതിയ തെരഞ്ഞെടുപ്പു നടക്കുന്നതാണു്.

കോമൺസുസഭയിൽ ൬൧൫ മെമ്പർമാരുള്ളതിൽ അഞ്ഞൂറിനും തൊഴിലാളികൾ സ്ഥാനാർത്ഥികളായി നില്ക്കുന്നുണ്ടു്. ഇക്കൂട്ടത്തിൽ ൧൨ സ്ത്രീകളും സ്ഥാനാർത്ഥികളായി നില്പുണ്ടെന്നറിയുന്നു. ലോയിഡ് ജോർജ്ജ് മുതലായ എതിർകക്ഷികളുടെ ശ്രമവും ഒട്ടും ചില്ലറയല്ല. എങ്കിലും തൊഴിലാളികൾതന്നെ വിജയികളാകുമെന്നാണു പ്രതീക്ഷ.

## ഫ്രാൻസ്.

മുൻപു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഫ്രഞ്ചുപ്രധാനമന്ത്രി മോൺഷർ ഹെറിയോയുടെ മതപീഡനശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നതായറിയുന്നു.

ആലേൻസോയിലെ ക്ലാരമഠംകാരെ ഇറക്കിവിട്ടിരിക്കുന്നു. ൭൦൦ വൎഷത്തോളം താമസിച്ചുവന്ന സ്ഥലത്തുനിന്നാണു് അവർ ഇറങ്ങിപ്പോകേണ്ടിവന്നതു്.

എവിയാനിലെ വേറൊരു മഠംകാൎക്കും കല്പന അയച്ചിട്ടുണ്ടു്. എങ്കിലും അന്യായമായ ഈ കല്പന അനുസരിക്കുന്നതിനു അവൎക്കു കടമയില്ലെന്നു വൈദികാദ്ധ്യക്ഷന്മാർ അഭിപ്രായപ്പെട്ടതിനാൽ അവർ വിസമ്മതിക്കുന്നതിനാണു തീർച്ചപ്പെടുത്തിയിരിക്കുന്നതു്.

ജനങ്ങൾ ചേൎന്നു ഈ അക്രമകൃത്യങ്ങളെപ്പററി പ്രതിഷേധം പുറപ്പെടുവിച്ചുവരുന്നു. അൽസാസ് ലോറേനിലെ ജനങ്ങൾ ബഹിഷ്കൃതരാകുന്ന ആരെയും സ്വീകരിച്ചു പരിരക്ഷിക്കുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്തുവരികയാണു്.

## ഇററലി.

വത്തിക്കാൻ പ്രദർശനശാലയിലെ ഒരുക്കങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു. ആഴ്ചയിൽ രണ്ടു പ്രാവശ്യം വീതം പരിശുദ്ധപിതാവു് പണികൾ പോയി പരിശോധിച്ചുവരുന്നുണ്ടു്.

വിസിറററർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു് പരിശുദ്ധപിതാവിനെ കടശികണ്ടു യാത്രപറഞ്ഞപ്പോൾ „ശാരീരികമായി നമ്മിൽ നിന്നു വളരെ അകലത്തിലാണെങ്കിലും അരൂപിയാലേ നമ്മുടെ ഹൃദയത്തോടു ഏററം അടുത്തിരിക്കുന്ന ആ വാത്സല്യമക്കളേ നാം എത്രയധികം സ്നേഹിക്കുന്നുവെന്നു അവരോടു പറയണം„ എന്നു അരുളിച്ചെയ്തു കണ്ണുനീർ ചിന്തിയതായി അറിയുന്നു.

പ്രൊപ്പഗാന്ത കർദ്ദിനാൾ വൻറോസ്സ് തിരുമനസ്സിലേ സന്ന്യാസസഭാപ്രവേശനത്തിന്റെ അമ്പതാം വൎഷം പ്രൊപ്പഗാന്തകോളേജിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു.

മിലാനിലേ തിരുഹൃദയ കത്തോലിക്കാ കോളജിനു ഗവൺമെന്റു അംഗീകരണം സിദ്ധിച്ചിരിക്കുന്നു.

# മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കേണ്ടതാണ്.

വി. അന്തോനീസിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാര ഉപകാരസ്മരണചെയ്യുന്നു.

എ. കെ അണ്ടിക്കടവു.

പഴയൂർ വി. അന്തോനീസിന്റെയും, അമലോത്ഭവ മാതാവിന്റെയും മദ്ധ്യസ്ഥതയാൽ ട്രെയിനിങ്ങു പരീക്ഷ പാസായതിനു ഉപകാരസ്മരണ.

എ. കെ. എൽ. ചിററാട്ടൂർ.

ദൈവജനനിയുടെയും മാർ അന്തോനീസിന്റെയും പ്രത്യേക സഹായത്താൽ എന്റെ ഭാര്യ ആപത്തു കൂടാതെ പ്രസവിച്ചതിനു കുസുമംവഴി നന്ദി പറയുന്നു.

എസ്. എ. ചിന്നാമത്തോണ്ടൻതുറ.

പരിശുദ്ധ കന്യകമറിയത്തിന്റെയും യൌസേപ്പു പിതാവിന്റെയും മദ്ധ്യസ്ഥതയിൽ കഴിച്ച ഉണ്ണിയീശോയുടെ നൊവേനകൊണ്ടു ആഗ്രഹിച്ച കാര്യം നിറവേറിയതിനു ഉപകാരസ്മരണ. എ. കെ കാഞ്ഞൂർ.

ചെങ്ങളത്തു വി. അന്തോനീസിന്റെ സഹായത്താൽ എന്റെ പല്ലുവേദന നീങ്ങിയതിനു ഉപകാരസ്മരണ.

ടി. പി. ജെ.

ഞാൻ കത്തോലിക്കാ സഭയിൽ ചേൎന്നു രണ്ടു കൊല്ലമായിട്ടും എന്റെ മാതാപിതാക്കന്മാർ ചേരാതെ നിന്നിരുന്നു ഇപ്പോൾ അവർ ചേൎന്നതിനു കുസുമംവഴി ഉപകാരസ്മരണ.

എം ജി. കുറുങ്ങപ്പള്ളി.

പാറയിൽ അമലോ. ദൈവജനനിയുടെയും ചെങ്ങളത്തു മാർ അന്തോനീസിന്റെയും സഹായത്താൽ പരീക്ഷയിൽ ജയിച്ചതിനു ഉപകാരസ്മരണ. എം. ജെ. തൃശ്ശൂർ.

കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ഒരു അസാദ്ധ്യകാര്യം തിരുഹൃദയത്തിൽനിന്നു സാധിച്ചുകിട്ടിയതിനു നന്ദിപറയുന്നു സി. എം. ജി.

എനിക്കു പിടിപെട്ട അപകടമായ രോഗം മാർ അന്തോനീസിന്റെ മദ്ധ്യസ്ഥതയാൽ സുഖപ്പെട്ടതിനു ഉപകാരസ്മരണ. ജെ. കെ. കൈനകരി.

ഭാഗ്യപ്പെട്ട കൊച്ചുത്രേസ്യായുടെ സഹായത്താൽ എന്റെ ഭാര്യയുടെ സുഖക്കേടു നീങ്ങി അപകടം കൂടാതെ പ്രസവിച്ചതിനു ഉപകാരസ്മരണ.

കെ ജെ. വാഴപ്പള്ളി.

---

# ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

ക. നി. മൂ സ. ബ. മിഖായേലച്ചൻ അവർകളുടെ ജ്യേഷ്ഠൻ മണലൂർപ്പള്ളി ഇടവക ചാലിശ്ശേരിൽ പൈലി ലോനപ്പൻ അവർകൾ ആഗസ്റ്റ് ൨൭-ാംനു- ബുധനാഴ്ച ൬൩ വയസ്സ്.

ളാലത്തു പുത്തൻപള്ളിയിടവക പുളിക്കൽ മിഖേൽ പ്രഞ്ചു ചിങ്ങം 31 ാംനു- 37 വയസ്സ്.

കുഴപ്പള്ളി ഇടവക ചിറ്റേഴത്തു കൊച്ചുവറിയതിന്റെ ഭാര്യ ശ്രീമതി മറിയകുട്ടി സെപ്റ്റംബർ 28-ാംനു- 22 വയസ്സ്.

കാരക്കുന്നം ഇടവക വിളയപ്പിള്ളിൽ ഉലഹന്നൻ അവർകളുടെ ഭാര്യ ഒക്ടോബർ 6-ാംനു- 82 വയസ്സ്.

കൊഴുവനാപ്പള്ളി ഇടവക തണ്ണിപ്പാറയിൽ ശ്രീമതി ഏലിയാമ്മ സെപ്റ്റമ്പർ 13നു-. ൨൦ വയസ്സ്.

വടകരപ്പള്ളിയിടവക കൊച്ചുകുന്നേൽ ചെറിയ അന്ന മകൾ ശ്രീമതി മറിയാമ്മ സെപ്റ്റമ്പർ 18-നു- ൨൭ വയസ്സ്.

ആലപ്പുഴ ചെങ്ങളക്കാട്ടു സ്വദേശിയും തിരുനാപ്പള്ളി ലോക്കോ സ്കീം കൺട്രാക്റ്ററുമായ മിസ്റ്റർ ജോസഫ് ഫർനാണ്ടസിന്റെ അനുജൻ മിസ്റ്റർ ജോൺ ഫർനാണ്ടസ് അവർകൾ തിരുശ്ശിനാപ്പള്ളിൽവച്ചു സെപ്റ്റംബർ ൯നു- ൭൦ വയസ്സ്

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ഋ. ഠ. [illegible] എപ്പകത്തി ൨൪.

## ൧൯൨൪ നവംബർ — ൧൧൦൦ തുലാം — വൃശ്ചികം.

ശുദ്ധീകരവണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 16 | ശ | ✠ സകല പരിശുദ്ധന്മാർ ന. കു. വെ. | വെ. |
| | | | പ്ലാശനാപ്പള്ളിയിൽ വി. ത്രേസ്യാ. ദർശനത്തിരുനാൾ. | |
| 2 | 17 | ഞാ | ✠ പന്ത. ൨൧-ാം ഞാ. ന. കു. ആ. [illegible] | പ. |
| | | | ഇന്നുച്ചമുതൽ നാളെ പാതിരാവരെ "തോസ്യസ് കോന്ത്യസ്" ദ. വി | |
| 3 | 18 | തി | സകല മരിച്ചവരുടെ ഓർമ്മ. ന. ആ കു. ഇന്നലെ. | ക. |
| 4 | 19 | ചൊ | വേദ. വിത്താലിയും കൂട്ട. ന. ആ. കു. വെ | വെ |
| 5 | 20 | ബു | † സ്ഥാപകന്റെ പിതാ സ്കറിയാ. ന ആ. കു. വെ. | വെ. |
| 6 | 21 | വ്യാ | † അ. മൗ. കാർല്ലോ. ന. ആ. കു. വെ. ഈ. ര. | വെ. |
| 7 | 22 | വെ | വേദ ക്രോസന്തിയും കൂട്ട. ന. ആ. കു. വെ. ഒക്ടോ. ൨൭ | ചു. |
| 8 | 23 | ശ | സകല പരിശുദ്ധ ഏട്ടാ. ന. ആ കു. വെ. | വെ. |
| 9 | 24 | ഞാ | ✠ പന്ത. ൨൨ ാം ഞാ. ന കു. ആ. [illegible] | പ. |
| 10 | 25 | തി | † മൗ. അന്ത്രയോസ് അവെല്ലി ന. ആ. കു. വെ. | വെ. |
| 11 | 26 | ചൊ | അ. മൗ. മർത്തീൻ ന. ആ. കു വെ. | വെ. |
| 12 | 27 | ബു | പാ. വേദ മർത്തീൻ ന. ആ. കു. വെ. | ചു. |
| 13 | 28 | വ്യാ | † മൗ സ്തനിസ്ലാവൂ ന. ആ. കു. വെ. | വെ. |
| 14 | 29 | വെ | † മൗ. ദിദാക്കു് ന. ആ. കു. വെ ഇന്നലെ | വെ. |
| 15 | 30 | ശ | † ക. ജർത്രൂദ്ദ് ന. ആ. കു വെ. | വെ. |
| 16 | 1 | ഞാ | ✠ പന്ത ൨൩-ാം ഞാ ന. കു ആ. [illegible] | പ. |
| 17 | 2 | തി | അ. മൗ. അത്ഭുത. ഗ്രിഗോരി ന. ആ കു വെ. | വെ. |
| 18 | 3 | ചൊ | ശ്ലീ. പത്രോ. പൗലോ. പള്ളിക്കുദാശ. ന ആ. കു. വെ. | വെ. |
| | | | പുന്നപ്ര വി. ഗ്രിഗോരിയോസ് തിരുനാൾ, വിളക്കുമാടത്തുപള്ളിയിൽ | |
| | | | വി. രെഞ്ഞാർ ദർശനത്തിരുനാൾ. | |
| 19 | 4 | ബു | പാ. വേദ പത്രോസ് ന. ആ. കു. വെ. | ചു. |
| 20 | 5 | വ്യാ | † മൗ. ഫിലെക്സ് ന. ആ. കു വെ. | വെ. |
| 21 | 6 | വെ | ക. മാതാ. ദേവാലയപ്രവേ. ന. ആ കു. വെ. | വെ. |
| 22 | 7 | ശ | ക. വേ. ചിച്ചിലിയാ ന. ആ. കു. വെ. | ചു. |
| 23 | 8 | ഞാ | ✠ പന്ത. ൨൪-ാം ഞാ. ന കു. ആ. [illegible] | പ. |
| | | | പ്രവിത്താനം പള്ളിയിൽ മിഖായേൽ മാലാഖായുടെ ദർശനത്തിരുനാൾ | |
| 24 | 9 | തി | † മൗ. യോഹന്നാൻ ദസ്ലീവാ ന. ആ കു വെ. | വെ. |
| 25 | 10 | ചൊ | ക. വേദ. കത്രീനാ ന. ആ. കു. വെ. | ചു. |
| 26 | 11 | ബു | അ. വേദ പത്രോസ് അലക്സാ ന ആ കു. വെ. | ചു. |
| 27 | 12 | വ്യാ | പാ. വേദ. ക്ലെമീസു് ന. ആ. കു. വെ. ഈ ൨൩.. | വെ. |
| | | | മുത്തോലി ആശ്രമദേവാലയത്തിൽ ൪൦ മണി ആരാധന ആരംഭം. | |
| 28 | 13 | വെ | † മൗ ലെയോനാർദ്ദ്. ന. ആ. കു. വെ. ഈ. ൨൩. | വെ. |
| 29 | 14 | ശ | ശ്ലീ. അന്ത്രയോസ് ന. ആ കു. തലെ. | റോ. |
| 30 | 15 | ഞാ | ✠ ആഗമനം ഞാ. ൧-ാം ന. കു. ആ. [illegible] | റോ. |
| | | | വി. യോഹന്നാൻ ദസ്ലീവാ തിരുനാൾ മുത്തോലി കൊവേന്ത. | |

Printed & Published for the Proprietor by P. K. Joseph,
at the St. Josph's Press, Man anam 1924.

# യോഷ ... നം.

വരിസംഖ്യ ആണ്ടു ... ക. മാത്രം.

എല്ലാസ്ത്രീജനങ്ങളും അവശ്യം വായ ... ഒരു വിശിഷ്ട മാ
സിക. ഒന്നാംലക്കം പുറപ്പെട്ടുകഴിഞ്ഞു. നമ്മുടെ മ ... നി തരുമനസ്സിലേ
നോഹരമായ ഛായാപടത്തോടുകൂടി രണ്ടാംലക്കം തയാറാ ... രിക്കുന്നു. ആവശ്യ
ക്കാർ ഉടൻ അപേക്ഷിക്കുക. ഒന്നാംലക്കവും അയച്ചു ... ടുക്കാം വരിസംഖ്യ
മുമ്പേറയക്കയോ ആദ്യലക്കം വി. പി. അയച്ചു ഈടാ ... ൻ സമ്മതിക്കയോ
ചെയ്തു് അപേക്ഷകൾ അയക്കേണ്ടതാണു്.

മാനേജർ, "യോഷാഭൂഷണം" ആഫീസു്.

ചവറ, തിരുവിതാംകൂർ

# നിങ്ങൾക്കു സുഖക്കേടുണ്ടോ?

വിശപ്പില്ലായ്ക, ശോധനയില്ലായ്ക, വയറുകടി, പുളിച്ചുതികട്ടൽ ത
ലവേദന ഇങ്ങിനെയുള്ള സുഖക്കേടുകൾ സാരമില്ലെന്നു വിചാരിക്കരുതു്. ഇ
തു വർദ്ധിച്ചാൻ പല വലിയ രോഗങ്ങളുമുണ്ടാകും നാരാചചൂർണ്ണം ഒരു കഴ
ഞ്ചു വാങ്ങി രണ്ടുരുട്ട ചൂടുവെള്ളത്തിൽ കലക്കി സേവിക്കുക. നല്ലപോലെ
ശോധനയും വിശപ്പും ഉണ്ടാകും. മററു സുഖക്കേടുകളും ശമിക്കും. ആവശ്യക്കാ
ർക്കു വി. പി. ആയും അയച്ചുകൊടുക്കും.

കുമ്മനം ഗോവിന്ദപ്പിള്ള,

ആയുർവ്വേദൌഷധശാലാമാനേജർ, ഏററുമാനൂർ.

# READY FOR SALE.

A BRIEF SKETCH OF THE HISTORY

OF THE

ST THOMAS CHRISTIANS

By Rev. Fr Bernard T.O C.D.

A souvenir of the Restoration of the Syrian Hierarchy, with a Frontispiece of the Syrian Hierarchy. Price 8 Annas. Postage extra. Apply to—

The Superintendent
St. Joseph's Press,
Mannanam, Travancore.

# മൂന്നു വിശേഷപുസ്തകങ്ങൾ.

രോഗികളുടെ ചിന്തകൾ, സുകൃതജപഭണ്ഡാരം, നന്മരണപ്രാർത്ഥന
ഇവ മൂന്നും കൂടി ഒന്നായിട്ടു ബയിണ്ടുചെയ്തു് ൩൨൫ പേജുകളുള്ള ഒരു
പുസ്തകം. വില തുകൽ ബയിണ്ടു് 12 അണ മാത്രം.

സൂപ്രണ്ടു്, സെൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം.

Registred N... 5. No. T. 2.

പുതിയ വരവ്, വില വളരെക്കുറവ്.

## വി. ദാം. ... , മാന്നാനം.

### ചൈനാപ്പട്ടു നീളം റിബ്ബൺ

| | Rs. | As. | P. |
|---|---|---|---|
| ൧-ാം ചരട്ട ൨൫ നീളം ൨ ൧ ക്ക | 1 | 0 | 0 |
| ൨-ാം „ പിരിച്ചതു ൨൫ „ | 0 | 12 | 0 |
| ൩-ാം „ ൨നാപ്പട്ട | 0 | 9 | 0 |
| ൪-ാം „ പലന്ന „ | 0 | 4 | 0 |
| ൧-ാം കമ്പി ൧ „ | 0 | 2 | 0 |
| ൨-ാം „ ൧ „ | 0 | 3 | 0 |
| ൩-ാം „ ൧ „ | 0 | 4 | 0 |
| ൪-ാം „ ൧ „ | 0 | 4 | 6 |
| ആക്കമുടി വളയം ൧ „ | 0 | 10 | 0 |
| അപ്ലൂസ് ൧-ാംതരം ൧ „ | 0 | 6 | 0 |
| ടി. ൨-ാംതരം ൧ „ | 0 | 4 | 6 |
| ടി. ൩-ാംതരം ൧ „ | 0 | 2 | 6 |
| പേന്തി. (Bridge) ൧ „ | 0 | 2 | 6 |
| ആണി. (Screw) ൧ „ | 0 | 2 | 6 |
| പരന്തുവാൽ ൧ „ | 0 | 10 | 0 |

### അലൂമിനം കാശുരൂപങ്ങൾ

| | | | |
|---|---|---|---|
| No. ൨. (മുട്ടഭാഷ) ഡസൻ 1ക്ക | 0 | 1 | 2 |
| നമ്പ്ര 1 സെൻറു ജോസഫ് „ „ | 0 | 1 | 9 |
| 1251 ഇത്താല്യൻ കാശു. „ „ | 0 | 3 | 6 |
| 50 വി. കുർബാന. „ „ | 0 | 12 | 0 |
| 53 തിരുഹൃദയം „ „ | 0 | 12 | 0 |
| 53 ടി. „ „ | 0 | 13 | 6 |
| 131 തിരുഹൃദയം. „ „ | 0 | 13 | 6 |
| 6434 „ „ „ | 0 | 12 | 0 |
| 8 സൊഡാലിററി. „ „ | 1 | 0 | 0 |

### അലൂ. വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | |
|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ 1ക്ക „ | 0 | 4 | 6 |
| ... കക്കട്ടവൃത്തം. „ | 0 | 4 | 6 |
| ... നീണ്ടഭാഷ „ | 0 | 5 | 0 |
| 337 വൃത്തം. „ | 0 | 5 | 0 |
| 338 വൃത്തം. „ | 0 | 8 | 0 |
| 7030 ചതിര എരട്ടത്തട്ട ചെറുത് | 0 | 6 | 6 |
| 325 കക്കടവൃത്തം. „ | 0 | 8 | 0 |
| 324 കരിശുഭാഷ. „ | 0 | 6 | 6 |
| 7023 ചതിര ഒററത്തട്ട. „ | 0 | 10 | 0 |
| 7231 ചതുര എരട്ടത്തട്ട വലുത് „ | 0 | 12 | 0 |
| 399 നക്ഷത്രഭാഷ. „ | 0 | 13 | 6 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട „ | 0 | 13 | 6 |
| 398 കരിശാകൃതി. „ ൧ക്ക | 0 | 10 | 0 |
| 389 ചങ്കുഭാഷകാശു „ ൧ക്ക | 0 | 5 | 0 |

### പളുങ്കുകാശുരൂപങ്ങൾ.

| | | | |
|---|---|---|---|
| ൧-ാം തരം ഡസ്സൻ 1 ക്ക | 5 | 0 | 0 |
| കാശു ൨-ാംതരം ഡസൻ ൧ ക്ക | 3 | 12 | 0 |
| ടി. ൩-ാംതരം „ ൧ക്ക | 3 | 6 | 0 |
| ടി. ൪-ാംതരം „ ൧ക്ക | 2 | 10 | 0 |
| ടി. ൫-ാംതരം „ ൧ക്ക | 1 | 14 | 0 |

### കുരിശുകൾ.

| | | | |
|---|---|---|---|
| അലൂ: കരിശു $5\frac{1}{4}$ ഇഞ്ച് ഡസൻ 1 | 10 | 8 | 0 |
| ടി „ $4\frac{3}{4}$ „ „ 1ക്ക | 7 | 8 | 0 |
| ടി „ $2\frac{1}{4}$ „ | 2 | 10 | 0 |
| ടി „ $1\frac{3}{4}$ „ | 1 | 14 | 0 |
| ചീനവെള്ളി „ „ 1ക്ക | 0 | 1 | 9 |
| 389 പുള്ളിക്കൊന്ത 1 ക്ക | | | |
| 233 ഉരുക്കുകെട്ട് 1 ക്ക | | | |
| 390 ാം നമ്പ്രപുള്ളിക്കൊന്ത „ 1ക്ക | | | |

### പടങ്ങൾ.

| | | | |
|---|---|---|---|
| 8×10 വലിപ്പം സ്വിസ്. പടം ഡ. | 1 | 10 | 0 |
| ടി ജർമ്മൻ പടം „ | 1 | 14 | 0 |
| 13×17 ടി ടി „ | 5 | 0 | 0 |
| 16×20 ടി ടി „ | 6 | 6 | 0 |
| പ്രഥമകുർബ്ബാന സയസു പടങ്ങൾ „ | 0 | 4 | 6 |
| ടി ടി 100-ക്ക | 2 | 0 | 0 |
| 240 പടമുള്ള പാളിപ്പടം പള്ളിക്ക | 1 | 14 | 0 |

### പുസ്തകങ്ങൾ

| | | | |
|---|---|---|---|
| 1 വ്യാകുലപ്പെട്ട ചരിത്രം 1ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം „ | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസൌന്ദര്യ്യാൾ അമ്മാന | 0 | 8 | 0 |
| 7 പുത്തൻപാന | 0 | 4 | 6 |
| 8 ശുദ്ധീകരവണക്കം | 0 | 13 | 6 |
| 9 നിത്യാരാധന | 2 | 0 | 0 |
| 10 പീയൂഷസംഗ്രഹം | 0 | 10 | 0 |
| 11 തിരുഹൃദയവണക്കം | 0 | 10 | 0 |
| 12 അത്ഭുതലീലിപ്പുഷ്പം | 0 | 4 | 0 |
| 13 കുടുംബപ്രതിഷ്ഠ | 0 | 2 | 0 |
| 14 ദേവമാതാവിൻ വണക്കം | 0 | 13 | 6 |
| 15 ടി. കുട്ടികൾക്കുള്ളത്. | 1 | 6 | 0 |

**P. Pappy & Co.,**

Mannanam, Travancore